പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 181 — 12.03.2008 ൽ മറുപടിയ്ക്ക്

# വൈദ്യുതി ബോർഡിൽ ഉപകരണങ്ങൾ വാങ്ങുന്നതു സംബന്ധിച്ച നയം

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീ. സി. കെ. പി. പത്മനാഭൻ<br>ശ്രീ. എം. പ്രകാശൻ മാസ്റ്റർ<br>ശ്രീമതി കെ. എസ്. സലീഖ<br>ശ്രീ. മഞ്ഞളാംകുഴി അലി | ശ്രീ. എ. കെ. ബാലൻ<br>(പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |
| (എ) വൈദ്യുതി ബോർഡിന് ആവശ്യമുള്ള ഉപകരണങ്ങളും മറ്റും വാങ്ങുന്നതു സംബന്ധിച്ച് ഈ സർക്കാർ എന്തെങ്കിലും നയം ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുക എന്നതാണ് ഈ സർക്കാരിന്റെ നയം. ആയതിനാൽ വൈദ്യുതി ബോർഡിന് ആവശ്യമായ ഉപകരണങ്ങളും മറ്റും പരമാവധി പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്ന് ആണ് വാങ്ങുന്നത്. ശേഷിക്കുന്ന ഉപകരണങ്ങൾ ടെണ്ടർ മുഖാന്തിരം വാങ്ങുന്നു. |
| (ബി) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും നടപ്പു വർഷം എത്ര കോടി രൂപയുടെ സാധനങ്ങൾ വാങ്ങിയിട്ടുണ്ട്; | (ബി) സംസ്ഥാനത്തെ പൊതുമേഖലാസ്ഥാപനങ്ങളായ ടെൽക്, കൊല്ലം മീറ്റർ കമ്പനി (U E I Ltd), ട്രാക്കോ കേബിൾ കമ്പനി, കെൽ, കെൽട്രോൺ എന്നിവയിൽ നിന്നും നടപ്പു സാമ്പത്തിക വർഷം (07-08) ഇതുവരെ 110.18 കോടി രൂപയുടെ സാധനങ്ങൾ വാങ്ങിയിട്ടുണ്ട്. |
| (സി) വൈദ്യുതി ബോർഡിന് ആവശ്യമുള്ള ഇലക്ട്രിക് മീറ്ററുകൾ പൂർണ്ണമായും സംസ്ഥാനത്തു ഉല്പാദിപ്പിക്കുന്നുണ്ടോ; | (സി) ഇല്ല. വൈദ്യുതി ബോർഡിന് ആവശ്യമുള്ള ഇലക്ട്രോണിക് മീറ്ററുകൾ (സിംഗിൾ ഫേസ്) പൂർണ്ണമായും സംസ്ഥാനത്തെ പൊതുമേഖലാസ്ഥാപനമായ കൊല്ലം മീറ്റർ കമ്പനിയിൽ നിന്നു വാങ്ങുന്നു. മറ്റു മീറ്ററുകൾ സംസ്ഥാനത്തിനു പുറത്തുള്ള കമ്പനികളിൽ നിന്നും ടെണ്ടർ മുഖേന വാങ്ങുന്നു. |

181(2)



(ഡി) വൈദ്യുതി ബോർഡിന് ആവശ്യമുള്ള കോൺക്രീറ്റ് പോസ്റ്റുകൾ വാങ്ങുന്നതിന് നിലവിലുള്ള സമ്പ്രദായം എന്താണ്?

(ഡി) വൈദ്യുതി ബോർഡിന് ആവശ്യമായ ഇലക്ട്രിക് പോസ്റ്റുകളുടെ 5 വർഷത്തേയ്ക്കുള്ള ആവശ്യകത കണക്കാക്കി ഇലക്ട്രിക്കൽ സർക്കിളുകളിലേയ്ക്കും മുൻ സർക്കാരിന്റെ കാലത്ത് 2004-05 കാലയളവിൽ ടെൻഡർ ക്ഷണിച്ച് 2006-06 മുതൽ 2009-2010 വരെ 5 വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ ഓർഡറുകൾ നൽകിയിട്ടുണ്ട്. അതനുസരിച്ച് പോസ്റ്റുകൾ സപ്ലൈ ചെയ്തു വരുന്നു.

KG Neelakanti

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 182 — 12-3-2008ൽ മറുപടിയ്ക്ക്

## വിനോദസഞ്ചാര സുവനീർ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി. കൃഷ്ണപ്രസാദ് :<br>ശ്രീ. എ.എം. യൂസഫ് :<br>ശ്രീ. ബാബു.എം. പാലിശ്ശേരി:<br>ശ്രീമതി.കെ.കെ. ലതിക | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) കേരളം സന്ദർശിക്കുന്നവർക്ക് സ്മരണ നിലനിർത്തുന്നതിന് പ്രയോജനപ്പെടുന്ന സുവനീർ പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി കൈക്കൊണ്ടിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | എ) ഉണ്ട്, സംസ്ഥാനത്തെ സുവനീർ വ്യവസായത്തെ വളർത്തുന്നതിനുവേണ്ടി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി നിയോഗിക്കപ്പെട്ട കൺസൽട്ടൻസി സ്ഥാപനം തയ്യാറാക്കിയ 110 വിവിധ സുവനീർ ഡിസൈനുകൾ സർക്കാർ നിയോഗിച്ച കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. ഈ ഡിസൈനുകൾ ഘട്ടം ഘട്ടമായി വിപണിയിലെത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| ബി) കരകൗശലമേഖലയിൽ പ്രവർത്തിക്കുന്ന എത്രപേർക്ക് ഇതുമൂലം പുതിയ തൊഴിൽ അവസരങ്ങൾ ലഭിക്കുമെന്ന് കണക്കാക്കിയിട്ടുണ്ട്; | ബി) കരകൗശല മേഖലയിൽ ഉൾപ്പെടുന്ന നിരവധി ഉൽപന്നങ്ങൾ സുവനീറായി അംഗീകരിച്ചിട്ടുണ്ട്. ഇതിനായി വേണ്ടിവരുന്ന കരകൗശല വിദഗ്ധരെ കണ്ടെത്തി ഇത്തരം ഉൽപന്നങ്ങൾ ഉൽപാദിപ്പിക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു. എത്ര തൊഴിലവസരങ്ങൾ പുതുതായി സൃഷ്ടിക്കാനാകുമെന്നത് ഇപ്പോൾ കണക്കാക്കിയിട്ടില്ല. |
| സി) കേരളത്തിന്റെ പ്രത്യേകതകൾ ഉൾക്കൊള്ളുന്ന ആകർഷകമായ സുവനീറുകൾ നിർമ്മിക്കുന്നതിന് പ്രത്യേക വർക്ക്ഷോപ്പുകൾ ആരംഭിക്കുമോ; | സി) കരകൗശല മേഖലയിലുള്ള ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനുവേണ്ട സാങ്കേതിക വൈദഗ്ധ്യം നൽകുന്നതിനും, ഗുണ നിലവാരമുള്ള ഉൽപന്നങ്ങൾ ഉൽപാദിപ്പിച്ച് വിപണിയിൽ എത്തിക്കുന്നതിനും ആവശ്യമായ വർക്ക്ഷോപ്പുകൾ നടത്തു |

ന്നതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്തുവരുന്നു.

ഡി) ഇവയുടെ വിപണനത്തിന് സാദ്ധ്യതകൾ കണ്ടെത്താൻ എന്തു സംവിധാനമാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്?

ഡി) ഇവയുടെ വിപണനത്തിന് പ്രത്യേകമായ സുവനീർ ഷോറൂമുകൾ സംസ്ഥാനത്തിനകത്തും പുറത്തും ആരംഭിക്കും. കൂടാതെ സംസ്ഥാനത്തെ മറ്റുമേഖലകളിലെ ഏജൻസികൾ നടത്തുന്ന ഷോറൂമുകൾ വഴിയും, അംഗീകൃത റിസോർട്ടുകൾ, ഹോട്ടലുകൾ മറ്റു പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങൾ എന്നിവയിലൂടെയും സ്വകാര്യ സംരംഭകർ/സന്നദ്ധ സംഘടനകൾ/സഹകരണ സംഘങ്ങൾ തുടങ്ങിയവയുടെ സേവനവും ഇക്കാര്യത്തിൽ തേടാൻ ഉദ്ദേശിക്കുന്നു. ടൂറിസം വകുപ്പ് പങ്കെടുക്കുന്ന ദേശീയ അന്തർദേശീയ മേളകൾ വഴിയും കേരളം സന്ദർശിക്കുന്ന പ്രഗത്ഭരായ വിദേശടൂർ ഓപ്പറേറ്റർമാർ, ട്രാവൽ റൈറ്റേഴ്സ് തുടങ്ങിയവർക്ക് സുവനീറുകൾ നൽകിയും ഈ പദ്ധതിയെ കൂടുതൽ പ്രചാരത്തിലെത്തിക്കുന്നതിന് പരിപാടിയുണ്ട്.

Sarasvathi

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 183 — 12.3.2008 ൽ മറുപടിക്ക്

നാട്ടാനകളെ സംരക്ഷിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. അജിത്<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>ശ്രീമതി ഇ.എസ്. ബിജിമോൾ<br>ശ്രീ. പള്ളിപ്രം ബാലൻ | ശ്രീ. ബിനോയ് വിശ്വം<br>(വനവും വന്യജീവിസംരക്ഷണവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് മൊത്തം എത്ര നാട്ടാനകളാണ് ഉള്ളത് ; | (എ) 2003 ലെ എലിഫന്റ് സെൻസസ് പ്രകാരം കേരളത്തിൽ 942 നാട്ടാനകൾ ഉണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത്. |
| (ബി) നാട്ടാനകൾക്ക് ലൈസൻസ് നൽകുന്ന സമ്പ്രദായം നിലവിലുണ്ടോ ; എങ്കിൽ ലൈസൻസുള്ള നാട്ടാനകൾ എത്രയുണ്ടെന്ന് വ്യക്തമാക്കുമോ ; | (ബി) നാട്ടാനകൾക്ക് ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് നൽകുന്ന സമ്പ്രദായം നിലവിലുണ്ട്. ഇതുവരെ വനം വകുപ്പിൽ നിന്നും 558 നാട്ടാനകൾക്ക് ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. |
| (സി) നാട്ടാനകൾക്ക് ലൈസൻസ് നൽകുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ; | (സി) 1972 ലെ വന്യജീവി സംരക്ഷണ നിയമത്തിലെ വകുപ്പ് 42 അനുസരിച്ചും [illegible] സർക്കാർ ഇക്കാര്യത്തിൽ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള നിബന്ധനകൾ അനുസരിച്ചുമാണ് ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് നൽകുന്നത്. നിയമാനുസരണമായ മാർഗ്ഗത്തിലൂടെ ലഭിച്ച ആനകൾക്ക് മാത്രമേ സർട്ടിഫിക്കറ്റ് നൽകുകയുള്ളൂ. ഇതുകൂടാതെ ആനകളുടെ പരിപാലനത്തിനായി പാർപ്പിട സൗകര്യം, അവയുടെ ആരോഗ്യ സംരക്ഷണത്തിനായുള്ള മറ്റു സൗകര്യങ്ങൾ, പരിശീലനം ലഭിച്ച പാപ്പാന്റെ ലഭ്യത തുടങ്ങിയ കാര്യങ്ങളും പരിഗണിച്ച ശേഷമേ സർട്ടിഫിക്കറ്റ് നൽകാറുള്ളൂ. |

| | |
|---|---|
| (ഡി) നാട്ടാനകൾക്കെതിരെയുള്ള ക്രൂരതകൾ അവസാനിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും എന്തെല്ലാം നടപടികളാണുള്ളതെന്ന് വെളിപ്പെടുത്തുമോ ? | (ഡി) നാട്ടാനകൾക്കെതിരെയുള്ള ക്രൂരതകൾ അവസാനിപ്പിക്കുന്നതിനും, സംരക്ഷിക്കുന്നതിനുമായി 26.2.03 ലെ ജി.ഒ (പി) 12/2003/വനം. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പ്രസിദ്ധപ്പെടുത്തിയുള്ള Kerala Captive Elephants (Management & Maintenance) Rules 2003 ൽ അനുശാസിക്കുംവിധം നാട്ടാനകളുടെ പരിപാലനം കുറ്റമറ്റതാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനാവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ആന ഉടമസ്ഥർക്കും, റവന്യൂ, പോലീസ്, മൃഗ സംരക്ഷണം, വനം എന്നി വകുപ്പുദ്യോഗസ്ഥർക്കും നൽകിയിട്ടുണ്ട്.<br><br>കൂടാതെ, നാട്ടാനകൾക്കെതിരെയുള്ള ക്രൂരതകൾ അവസാനിപ്പിക്കുന്നതിനായി ആഭ്യന്തരം, റവന്യൂ വകുപ്പ് മേധാവികളുമായി ആലോചിച്ച് ഇക്കാര്യത്തിൽ സ്വീകരിക്കേണ്ടതായ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് 1.5.2008 ൽ ഒരു സർക്കുലർ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഇവ പാലിക്കുന്നത് ഉറപ്പു വരുത്താനായി ജില്ലാ കളക്ടർ അദ്ധ്യക്ഷനായി ജില്ലാ കമ്മിറ്റികൾ രൂപീകരിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. |

ബിനോയ് വിശ്വം

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. *184

12-03-2008-ൽ
മറുപടിയ്ക്ക്

## ടൂറിസം വികസനവും മാർക്കറ്റിംഗും

**ചോദ്യം**

ശ്രീ. സാജു പോൾ
ശ്രീ. വി.എൻ. വാസവൻ
ശ്രീ. ആർ. സെൽവരാജ്,
ശ്രീ. വി. ശശികുമാർ

എ) ഈ സർക്കാർ അധികാരമേറ്റശേഷം ടൂറിസം വികസനം ലക്ഷ്യമിട്ട് മാർക്കറ്റിംഗ് രംഗത്ത് എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

**ഉത്തരം**

ശ്രീ. കോടിയേരി ബാലകൃഷ്ണൻ (ആഭ്യന്തരവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി)

എ) കേരളത്തിലേയ്ക്ക് വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിന്റെ ഭാഗമായി നിരവധി പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. രാജ്യത്തിനകത്തും പുറത്തും നടക്കുന്ന പ്രധാനപ്പെട്ട ടൂറിസം മേളകളിൽ വകുപ്പ് പങ്കെടുത്തു വരുന്നു. ഇത്തരം മേളകളിലെല്ലാം തന്നെ കേരളത്തിലെ ടൂറിസം രംഗത്ത് പ്രവർത്തിക്കുന്ന സ്വകാര്യ സംരംഭകരെക്കൂടി കേരള പവലിയന്റെ ഭാഗമായി പങ്കെടുപ്പിക്കുന്നുണ്ട്. ഇതുകൂടാതെ രാജ്യത്തിനകത്തും പുറത്തുമായി പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ ടൂറിസം വകുപ്പ് നിരവധി റോഡ് ഷോകൾ സംഘടിപ്പിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊച്ചിയിൽ കേരളാ ട്രാവൽ മാർട്ട് സംഘടിപ്പിക്കുകയുണ്ടായി. ഈ മേളകളിലെല്ലാം തന്നെ കേരളത്തെക്കുറിച്ചുള്ള പരസ്യ ചിത്രങ്ങൾ പ്രദർശിപ്പിക്കുകയും അതുവഴി കേരളത്തിലെ ടൂറിസം സാധ്യതകളെക്കുറിച്ച് അന്യനാട്ടുകാരെ ബോധവാന്മാരാക്കുന്നതിനും കേരളത്തിലേക്ക് കൂടുതൽ വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനും കഴിയുന്നുണ്ട്. കൂടാതെ മാർക്കറ്റിങ്ങിന്റെ ഭാഗമായി കേരളത്തിന്റേത് മാത്രമായ പ്രധാനപ്പെട്ട ടൂറിസം സവിശേഷതകൾ സി.ഡി.യിലാക്കി വിതരണം ചെയ്തുവരുന്നു. ആയുർവേദം, കായൽ ടൂറിസം കേരളത്തിന്റേത് മാത്രമായ പരമ്പരാഗത കലകൾ ഇവയൊക്കെ ഇങ്ങനെ വിദേശീയർക്ക് പരിചയപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഇന്ത്യയിലെയും വിദേശത്തെയും പ്രമുഖ ടി.വി. ചാനലുകളിലും മാഗസിനുകൾ, പത്രങ്ങൾ എന്നിവയിലും കേരളാ ടൂറിസത്തെക്കുറിച്ച് പരസ്യം നൽകിയിട്ടുണ്ട്. കേരളാ ടൂറിസത്തെക്കുറിച്ച് ഇന്റർനെറ്റ് വഴിയും ടൂറിസം വകുപ്പ് പരസ്യം നൽകുന്നുണ്ട്. ഇതുകൂടാതെ കേരളത്തിലെ ടൂറിസം മേഖലയെക്കുറിച്ചുള്ള ബ്രോഷറുകൾ നിർമ്മിക്കുകയും ഇത് ടൂർ ഓപ്പറേറ്റർമാർ, ട്രാവൽ ഏജന്റ്സ്, ഇന്ത്യാ ടൂറിസത്തിന്റെ വിദേശത്തും സ്വദേശത്തുമുള്ള ആഫീസുകൾ കൂടാതെ ടൂറിസം വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഇൻഫർമേഷൻ സെന്ററുകൾ വഴിയും വിതരണം ചെയ്തു വരുന്നു. കൂടാതെ ഇന്ത്യയിലെയും വിദേശത്തെയും പ്രമുഖ ടൂർ

ഓപ്പറേറ്റർമാർ, ട്രാവൽ റൈറ്റേഴ്സ് എന്നിവരെ ടൂറിസംവകുപ്പിന്റെ അതിഥികളായി ക്ഷണിച്ചു കൊണ്ടുവന്ന് അവരെ ടൂറിസം വകുപ്പിന്റെ ചിലവിൽ താമസിപ്പിച്ച് കേരളത്തെക്കുറിച്ച് അവരുടെ നാട്ടിലെ പ്രധാന പ്രസിദ്ധീകരണങ്ങളിൽ എഴുതിക്കുകയും അതുവഴി കേരളത്തിലേക്ക് ടൂറിസ്റ്റുകളെ ആകർഷിക്കുകയും ചെയ്യുന്ന മാർക്കറ്റിംഗ് രീതിയും ടൂറിസം വകുപ്പ് സ്വീകരിച്ചുവരുന്നു. കേരളത്തിലെ മലബാർ മേഖലയുടെ ടൂറിസം വികസനത്തിന് പ്രത്യേക പ്രാധാന്യം നൽകുന്നതിന്റെ ഭാഗമായി മലബാറിന് മാത്രമായിട്ട് ഒരു പരസ്യ കാമ്പയിൻ ടൂറിസം വകുപ്പ് ഇതിനകം നടത്തിക്കഴിഞ്ഞു. ഇതിനു പുറമെ കേരളത്തിലേയ്ക്ക് സന്ദർശകരെ ആകർഷിക്കുന്നതിനു വേണ്ടി മെഡിക്കൽ ടൂറിസത്തിനും സർക്കാർ പ്രാധാന്യം നൽകി വരുന്നുണ്ട്. കൂടാതെ ഈ വർഷം കേരളത്തിന് പുറത്തെ പ്രമുഖ സിനിമാ ഹാളുകളിൽ കേരളാ ടൂറിസത്തെക്കുറിച്ചുള്ള പരസ്യം ടൂറിസം വകുപ്പ് നൽകിയിട്ടുണ്ട്. കേരളത്തിലെ അന്യം നിന്നുകൊണ്ടിരിക്കുന്ന പാരമ്പര്യ കലകളെ പ്രോത്സാഹിപ്പിക്കുന്നതിനും അതോടൊപ്പം കേരളം സന്ദർശിക്കുന്ന വിനോദ സഞ്ചാരികൾക്ക് ഈ കലാരൂപങ്ങൾ ആസ്വദിക്കുന്നതിനുമുള്ള അവസരം ഒരുക്കുന്നതിനും വേണ്ടി `ഉത്സവം` എന്ന ഒരു പരിപാടി ഈ ടൂറിസം സീസണിൽ നടപ്പാക്കിയിട്ടുണ്ട്. ഇതിന്റെ പ്രചരണത്തിന് മാത്രമായി ഒരു പ്രത്യേക വെബ്സൈറ്റും ആരംഭിച്ചിട്ടുണ്ട്. ഓഫ് സീസൺ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പ്രത്യേക പരസ്യ കാമ്പയിനുകളും ടൂറിസം വകുപ്പ് നടത്തിയിട്ടുണ്ട്.

| | | | |
|---|---|---|---|
| ബി) | അന്താരാഷ്ട്ര തലത്തിലും, ദേശീയ തലത്തിലും മാർക്കറ്റിംഗുമായി ബന്ധപ്പെട്ട് എത്ര മേളകളും, റോഡ് ഷോകളും സംഘടിപ്പിച്ചു ; | ബി) | മാർക്കറ്റിങ്ങുമായി ബന്ധപ്പെട്ട് ടൂറിസം വകുപ്പ് വിദേശത്തെ പാരീസ്, ഫ്രാങ്ക്ഫർട്ട്, സിഡ്നി, സിങ്കപ്പൂർ, മിലാൻ, സൂറിച്ച്, എന്നീ നഗരങ്ങളിൽ റോഡ് ഷോകൾ സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ ഇന്ത്യയിലെ പ്രമുഖ നഗരങ്ങളിലും ടൂറിസം വകുപ്പ് റോഡ്ഷോകൾ സംഘടിപ്പിച്ചിട്ടുണ്ട്. ഇത്തരത്തിൽ മുംബൈ, ചെന്നൈ, കൽക്കട്ട, ഹൈദരാബാദ്, ബാംഗ്ലൂർ, അഹമ്മദാബാദ്, ന്യൂഡൽഹി എന്നിവിടങ്ങളിൽ റോഡ് ഷോകൾ സംഘടിപ്പിച്ചു. |
| സി) | ഇവയുടെ ഫലമായി ടൂറിസ്റ്റുകളുടെ സന്ദർശനം എത്ര കണ്ട് വർദ്ധിച്ചു എന്ന് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ; | സി) | ഓരോ വർഷം കഴിയുന്തോറും സംസ്ഥാനം സന്ദർശിക്കുന്ന ടൂറിസ്റ്റുകളുടെ എണ്ണത്തിൽ ഗണ്യമായ പുരോഗതി ഉണ്ടാകുന്നുണ്ട്. 2006-ൽ 4,28,534 വിദേശ ടൂറിസ്റ്റുകൾ കേരളം സന്ദർശിച്ച സ്ഥാനത്ത് 2007-ൽ 5,15,808 പേർ വന്നിട്ടുണ്ട്. 20.37 ശതമാനമാണ് വർദ്ധനവ് രേഖപ്പെടുത്തിയത്. അതുപോലെ 2006-ൽ 62,71,724 ആഭ്യന്തര ടൂറിസ്റ്റുകൾ കേരളം സന്ദർശിച്ചപ്പോൾ 2007-ൽ 66,42,941 പേർ വന്നു, ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണത്തിൽ 5.92 ശതമാനം വർദ്ധനവാണ് രേഖപ്പെടുത്തിയത്. |

| | | |
|---|---|---|
| (ഡി) | മാർക്കറ്റിംഗിന്റെ ഭാഗമായി ഈ ഡി സർക്കാരിന്റെ കാലത്ത് സംസ്ഥാന ടൂറിസം വകുപ്പ് ഏതെല്ലാം മേളകളിലാണ് പങ്കെടുത്തത് എന്നും അതിന്റെ ഫലം എന്ത് എന്നും വെളിപ്പെടുത്തുമോ? | വിദേശത്ത് നടന്ന WTM ലണ്ടൻ, ITB ബർലിൻ, ATM ദുബായ്, ഫിത്തൂർ മാഡ്രിഡ്, ILTM ഫ്രാൻസ്, TTG മിലാൻ, BIT മിലാൻ എന്നീ വിദേശ മേളകളിൽ ടൂറിസം വകുപ്പ് പങ്കെടുത്തു. ഇതു കൂടാതെ ഇന്ത്യയിലെ പ്രമുഖ ടൂറിസം മേളകളായ TTF മുംബൈ, ഡൽഹി, ചെന്നൈ, ഹൈദരാബാദ്, കൽക്കട്ട, ബാംഗ്ലൂർ, IITM ബാംഗ്ലൂർ, ചെന്നൈ, IITF ന്യൂ ഡൽഹി, ചലോ ജായ് കൽക്കട്ട, ലുക്ക് സൗത്ത് ഹൈദരാബാദ്, [illegible] നൽബോൺ ഫെസ്റ്റിവൽ ബംഗാൾ എന്നീ ദേശീയ മേളകളിലും ടൂറിസം വകുപ്പ് പങ്കെടുത്തിട്ടുണ്ട്. ഇത്തരം മേളകളിൽ പങ്കെടുക്കുന്നതുകൊണ്ട് സംസ്ഥാനത്തേക്കുള്ള ടൂറിസ്റ്റുകളുടെ എണ്ണത്തിൽ വൻ വർദ്ധനവ് ആണ് രേഖപ്പെടുത്തിയിരിക്കുന്നത്. കൂടാതെ ടൂറിസത്തിൽ നിന്നും സംസ്ഥാനത്തിന് ലഭിക്കുന്ന വരുമാനത്തിലും ഓരോ വർഷവും വർദ്ധനവ് കാണിക്കുന്നുണ്ട്. ടൂറിസം മേഖലയിൽ നിന്നും 2006-ൽ 1988 കോടി രൂപയുടെ വിദേശനാണ്യം സംസ്ഥാനത്തിന് ലഭിച്ചപ്പോൾ 2007 ൽ 2640 കോടി രൂപയാണ് ഈ ഇനത്തിൽ ലഭിച്ചത്. 32.82 ശതമാനം വർദ്ധനവാണ് രേഖപ്പെടുത്തിയത്. ഇത്തരം മേളകളിൽ പങ്കെടുക്കുന്നതുകൊണ്ടു കൂടിയാണ് സംസ്ഥാനത്തേക്കുള്ള ടൂറിസ്റ്റുകളുടെ എണ്ണം വർദ്ധിക്കുന്നതും അതുവഴി സംസ്ഥാനത്തിന് കൂടുതലായി വരുമാനം ലഭിക്കുന്നതും. |

Sanmsath

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 185 — 12. 03. 2008 ൽ മറുപടിക്ക്

### വൈദ്യുതി ഉൽപാദനപ്രസരണ രംഗത്തെ ശാസ്ത്രീയമാറ്റങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. എ. വാഹിദ്<br>ശ്രീ. കെ. ബാബു | ശ്രീ. എ.കെ. ബാലൻ<br>(പിന്നോ. പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വൈദ്യുത ഉപഭോഗം കണക്കിലെടുത്തും ഊന്നൽ നൽകി ഉൽപ്പാദന പ്രസരണ രംഗങ്ങളിൽ ആവശ്യമായ ശാസ്ത്രീയ മാറ്റങ്ങൾ വരുത്താനും വൈദ്യുതി ബോർഡ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) വാർഷിക പദ്ധതികൾ ശാസ്ത്രീയമായി തയ്യാറാക്കുന്നതിന് കെ.എസ്.ഇ.ബി വികേന്ദ്രീകൃത ആസൂത്രണ പ്രക്രിയയിലൂടെ പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കേരളത്തിന്റെ വിവിധ പ്രദേശങ്ങളിൽ വരുന്ന വർഷങ്ങളിലുണ്ടാകാവുന്ന വർദ്ധിച്ച വൈദ്യുതാവശ്യകത മുൻകൂട്ടി കണക്കിലെടുത്തു പ്രസരണ വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതികളാണ് ആസൂത്രണം ചെയ്യുന്നത്. |
| (ബി) ഇന്റഗ്രേറ്റീവ് പ്ലാനിംഗ് പ്രോസസ് എന്ന പദ്ധതിയിലൂടെ ഈ രംഗത്ത് എന്തൊക്കെ പ്രവർത്തനങ്ങൾ നടത്താനാണ് ഉദ്ദേശിക്കുന്നത്? | (ബി) വിവിധ സർക്കാർ വകുപ്പുകൾ വരും വർഷങ്ങളിൽ ആസൂത്രണം ചെയ്തു നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്ന വികസന പദ്ധതികളുടെയും, വിവിധ വിഭാഗം ഉപഭോക്താക്കൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെയും വിശദാംശം അതാത് വകുപ്പുകളുമായും ഉപഭോക്തൃ ഗ്രൂപ്പുകളുമായും ചർച്ച ചെയ്തു അവയുടെ വൈദ്യുത ആവശ്യകത കണക്കാക്കി അവ നിറവേറ്റുന്നതിന് പര്യാപ്തമാകും വിധം വൈദ്യുതി പ്രസരണ വിതരണ ശൃംഖലയുടെ വികസന പദ്ധതികൾ ആവിഷ്കരിച്ചു വരുന്നു. |

KG Meera Rani

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : T186

12-3-2008-ൽ മറുപടിയ്ക്ക്

പരമ്പരാഗത വ്യവസായ ടൂറിസം

ചോദ്യം
ശ്രീ.പള്ളിപ്രം ബാലൻ :
ശ്രീ.പി.തിലോത്തമൻ :
ശ്രീ.എൻ.രാജൻ :
ശ്രീമതി.ഇ.എസ്.ബിജി മോൾ :
ശ്രീ.എൻ.അനിരുദ്ധൻ :

ഉത്തരം
ശ്രീ.കോടിയേരി ബാലകൃഷ്ണൻ
(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി).

(എ) സംസ്ഥാനത്ത് പരമ്പരാഗത വ്യവസായ ടൂറിസത്തിന് സാധ്യതയുണ്ടോ ; എങ്കിൽ ഇത്തരത്തിലുള്ള ടൂറിസം കൊണ്ട് ഉദ്ദേശിക്കുന്നത് എന്താണെന്ന് വ്യക്തമാക്കുമോ ;

(എ) ഉണ്ട്. ഇത്തരത്തിലുള്ള ടൂറിസം കൊണ്ട് ഉദ്ദേശിക്കുന്നത് സംസ്ഥാനത്തെ പരമ്പരാഗത വ്യവസായ ഉല്പന്നങ്ങളെ പ്രചരിപ്പിക്കുകയും ഈ മേഖലയെ കൂടുതൽ ശക്തമാക്കുകയും ചെയ്യുക എന്നതാണ്.

(ബി) തനതായതും പരമ്പരാഗതവുമായ വ്യാവസായിക ഉല്പന്നങ്ങൾ ലാഭകരമായി ഈ ഫെസ്റ്റിവലുകളിൽ വിറ്റഴിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ ; എങ്കിൽ ഇവയുടെ ഉല്പാദന കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിനും, ഇവ പ്രചരിപ്പിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കുമോ ?

(ബി) തനതായതും പരമ്പരാഗതവുമായ വ്യാവസായിക ഉല്പന്നങ്ങളുടെ ഉല്പാദന കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിനും, അവ പ്രചരിപ്പിക്കുന്നതിനും വേണ്ടി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികൾ താഴെപറയുന്നവയാണ്.

1. തിരുവനന്തപുരത്ത് വിഴിഞ്ഞത്ത് ആർട്ട് & ക്രാഫ്റ്റ് വില്ലേജ് സ്ഥാപിക്കൽ (കേന്ദ്ര പദ്ധതി)
2. തിരുവനന്തപുരത്ത് ഹാൻഡ്‌ലൂം വില്ലേജ് സ്ഥാപിക്കൽ

(കേന്ദ്ര പദ്ധതി)

3. കോഴിക്കോട് ഇരിങ്ങലിൽ ആർട്ട് & ക്രാഫ്റ്റ് വില്ലേജ് സ്ഥാപിക്കൽ ഒന്നാം ഘട്ടം (കേന്ദ്ര പദ്ധതി)

4. ഇരിങ്ങൽ ആർട്ട് & ക്രാഫ്റ്റ് വില്ലേജ് രണ്ടാം ഘട്ടം (സംസ്ഥാന പദ്ധതി).

5. വർഷംതോറും കൂടി വരുന്ന വിദേശ - സ്വദേശ ടൂറിസ്റ്റുകൾക്ക്, ഓർമ്മകൾ നിലനിർത്താനുതകുന്ന സുവനീറുകൾ ഉല്പാദിപ്പിച്ച് വിപണിയിൽ ലഭ്യമാക്കാനുള്ള പദ്ധതിക്കും സർക്കാർ രൂപം നൽകി നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ :187

12-3-2008-ൽ മറുപടിയ്ക്ക്

## സർക്കാർ ഗസ്റ്റ് ഹൗസുകളുടെ നവീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.എം.ദിനേശ് മണി :<br>ശ്രീ.ബി.ഡി.ദേവസ്സി :<br>ശ്രീ.കെ.ടി.ജലീൽ :<br>ശ്രീ.കെ.കുഞ്ഞമ്മദ് മാസ്റ്റർ :<br>ശ്രീ.എ.സി.മൊയ്തീൻ : | ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി). |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സർക്കാർ ഗസ്റ്റ് ഹൗസുകൾ നവീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ; | (എ) കണ്ണൂർ, സുൽത്താൻ ബത്തേരി, കൊല്ലം, പൊൻമുടി ഗസ്റ്റ് ഹൗസുകൾ, തിരുവനന്തപുരം യാത്രിനിവാസ്, കേരളാ ഹൗസ് കന്യാകുമാരി എന്നീ സ്ഥാപനങ്ങളുടെ സമഗ്രമായ നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) ഗസ്റ്റ് ഹൗസുകളിലെ മുറികൾ പൊതുജനങ്ങൾക്ക് വാടകയ്ക്ക് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; | (ബി) ഉണ്ട്. |
| (സി) ഏതെല്ലാം ഗസ്റ്റ് ഹൗസുകളിൽ ഈ സമ്പ്രദായം പ്രാവർത്തികമാക്കിയിട്ടുണ്ട് ; | (സി) എറണാകുളം ഗസ്റ്റ് ഹൗസിൽ 50% മുറികൾ പൊതുജനങ്ങൾക്ക് നൽകി വരുന്നു. കൂടാതെ ജില്ലാ ആസ്ഥാനങ്ങളിലെ ഗസ്റ്റ് ഹൗസുകളിൽ 30% മുറികളും ടൂറിസം കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന ഗസ്റ്റ് ഹൗസുകളിൽ / കേരളാ ഹൗസുകളിൽ 60% മുറികളും പൊതുജനങ്ങൾക്ക് വാടകയ്ക്ക് നൽകുന്നതിനുള്ള സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ട്. |

(ഡി) ഇതിൻെറ ഫലമായി എന്ത് വരുമാന വർദ്ധനവ് ഉണ്ടായി എന്ന് കണക്കാക്കിയിട്ടുണ്ടോ ;

ഇതിൻെറ ഫലമായി എറണാകുളം ഗസ്റ്റ് ഹൗസിൽ നിന്നും 2007 വർഷത്തിൽ 47 ലക്ഷം രൂപ വരുമാനമായി സർക്കാരിന് ലഭിച്ചിട്ടുണ്ട്. മറ്റ് ഗസ്റ്റ് ഹൗസുകളിൽ ഉത്തരവ് നടപ്പിലാക്കി വരുന്നതേയുള്ളൂ.

(ഇ) ഗസ്റ്റ് ഹൗസുകളോടനുബന്ധിച്ച് ഉപയോഗിക്കപ്പെടാതെ കിടക്കുന്ന ഏക്കർ കണക്കിനു സ്ഥലം പ്രയോജനപ്പെടുത്തുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ ?

(ഇ) ഇക്കാര്യം പരിശോധിച്ച് വരികയാണ്. അതോടൊപ്പം 2008-09 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിൽ എറണാകുളം ഗസ്റ്റ് ഹൗസിൻെറ മാതൃകയിൽ ഭാഗികമായി വാണിജ്യാടിസ്ഥാനത്തിൽ ഉപയോഗിക്കാനാകും വിധം കണ്ണൂർ, സുൽത്താൻ ബത്തേരി, മൂന്നാർ എന്നീ ഗസ്റ്റ് ഹൗസുകൾ വികസിപ്പിക്കുന്നതിന് 2 കോടി രൂപ അധികമായി വകയിരുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 188 | 12.03.2008 ൽ മറുപടിയ്ക്ക്

## പാരമ്പര്യേതര ഊർജ്ജോത്പാദന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ടി.എ.റഹീം<br>ശ്രീ.വി.ശശികുമാർ | ശ്രീ.എ.കെ.ബാലൻ<br>(പട്ടികസമുദായ ക്ഷേമവും<br>ഊർജ്ജവും വകുപ്പ് മന്ത്രി)<br>നേട്ടങ്ങൾ |
| (എ) പാരമ്പര്യേതര ഊർജ്ജോത്പാദന രംഗത്ത് കൈവരിക്കാനായ നേട്ടങ്ങൾ വ്യക്തമാക്കുമോ; | (എ) 1. കാറ്റിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കാൻ നടപടികൾ നടന്നു വരുന്നു.<br>2. വിദൂര ഗ്രാമങ്ങളുടെ വൈദ്യുതീകരണം (20,000 ത്തോളം വിദൂരസ്ഥിത ഭവനങ്ങൾ സൗരവൈദ്യുതിയാൽ വൈദ്യുതീകരിച്ചു<br>3. ചെറിയ സൗരവൈദ്യുത നിലയങ്ങൾ സ്ഥാപിച്ചു.<br>4. ജൈവാവശിഷ്ടങ്ങളിൽ നിന്നും ബയോഗ്യാസ് ഉത്പാദിപ്പിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു<br>5. മെച്ചപ്പെട്ട വിറക് അടുപ്പുകളുടെ പ്രചാരണവും നിർവ്വഹണവും നടന്നു വരുന്നു.<br>6. ഈ മേഖലയിൽ വിവിധ പരിശീലന പരിപാടികളും പരിപാലനവും നടന്നു വരുന്നു |
| (ബി) പാലക്കാട്, ഇടുക്കി ജില്ലകളിലെ കാറ്റാടിനിലയങ്ങളിൽ നിന്നും എത്ര മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; | (ബി) സ്വകാര്യ മേഖലയിൽ പാലക്കാട് ജില്ലയിലെ അഗളിയിൽ 20 മെഗാവാട്ടിന്റെ പദ്ധതിയിൽ 16.8 (9+7.8) മെഗാവാട്ടിനും ഇടുക്കി ജില്ലയിലെ രാമക്കൽമേട്ടിൽ 15 മെഗാവാട്ട് പദ്ധതിയിൽ 9.75 നും അനെർട്ട് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. |
| (സി) ഈ പദ്ധതികൾ എന്ന് കമ്മീഷൻ ചെയ്യുമെന്ന് അറിയിക്കുമോ; | (സി) ഈ പദ്ധതികൾ മാർച്ച് അവസാനത്തോടെ കമ്മീഷൻ ചെയ്യുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

(ഡി) കാറ്റാടിനിലയങ്ങൾ സ്ഥാപിക്കാൻ അനുയോജ്യമായ എത്ര സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ട്; ഏതെല്ലാം;

(ഡി) കേരളത്തിലെ കാറ്റിന്റെ ലഭ്യത പഠനവിധേയമാക്കിയ അനെർട്ട് ഇടുക്കി, പാലക്കാട്, തിരുവനന്തപുരം ജില്ലകളിലായി 17 സ്ഥലങ്ങൾ പവനവൈദ്യുതോത്പാദനത്തിന് അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. (ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.).

(ഇ) കൂടുതൽ കാറ്റാടിനിലയങ്ങൾ സ്ഥാപിക്കുന്നതിന് പദ്ധതി ആവിഷ്ക്കരിക്കുമോ?

(ഇ) സ്വകാര്യമേഖലയിൽ കാറ്റാടിപ്പാടങ്ങൾ സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശം സർക്കാരിന്റെ 11.06.07-ലെ ജി.ഒ.എം.എസ് 7/2007/പി.ഡി.നമ്പർ ഗവൺമെന്റ് ഓർഡർ പ്രകാരം നൽകിയിട്ടുണ്ട്. അനുയോജ്യമായി കണ്ടെത്തിയ സ്ഥലങ്ങൾ ഘട്ടം ഘട്ടമായി കൂടുതൽ പഠനങ്ങൾക്ക് വിധേയമാക്കാൻ പദ്ധതിയുണ്ട്.

സെക്ഷൻ ഓഫീസർ

135 (3)

**Potential sites for Wind Farms in Kerala**

| Sl. No. | Station | District | Latitude (N) | Longitude (E) | Elevation (masl) | Annual Mean Wind Speed (kmph) At 20 m | Annual Mean Wind Speed (kmph) At 30 m | Annual Mean Wind Power Density ($W/m^2$) At 20 m | Annual Mean Wind Power Density ($W/m^2$) At 30 m |
|---|---|---|---|---|---|---|---|---|---|
| 1 | Kanjicode | Palakkad | 10° 47' | 76° 49' | 130 | 22.60 | 23.70 | 218 | 249 |
| 2 | Kailasammedu | Idukki | 9° 51' | 77° 10' | 1160 | 23.20 | 24.50 | 251 | 300 |
| 3 | Kolahalamedu | Idukki | 9° 40' | 76° 56' | 1000 | 16.90 | 17.80 | 146 | 174 |
| 4 | Kotamala | Palakkad | 10° 40' | 76° 36' | 150 | 19.20 | 20.50 | 154 | 187 |
| 5 | Kottathara | Palakkad | 11° 07' | 76° 39' | 750 | 19.70 | 20.70 | 207 | 243 |
| 6 | Kulathummedu | Idukki | 9° 44' | 77° 13' | 1040 | 19.09 | 22.02 | 180 | 239 |
| 7 | Kuttikanam | Idukki | 9° 35' | 76° 59' | 1000 | 16.50 | 18.00 | 140 | 181 |
| 8 | Nallasingam | Palakkad | 11° 06' | 76° 44' | 840 | 22.90 | 24.10 | 324 | 377 |
| 9 | Panchalimedu | Idukki | 9° 32' | 76° 57' | 950 | 20.20 | 20.90 | 258 | 285 |
| 10 | Parampukettimedu | Idukki | 9° 54' | 77° 12' | 1160 | 26.40 | 28.40 | 447 | 525 |
| 11 | Ponmudi | Trivandrum | 8° 46' | 77° 08' | 1074 | 18.50 | 18.70 | 216 | 220 |
| 12 | Pullikanam | Idukki | 9° 44' | 76° 52' | 1100 | 18.20 | 18.50 | 178 | 187 |
| 13 | Ramakalmedu | Idukki | 9° 49' | 77° 14' | 920 | 29.70 | 29.70 | 532 | 534 |
| 14 | Senapathi | Idukki | 9° 57' | 77° 11' | 1240 | 19.30 | 20.70 | 192 | 233 |
| 15 | Sakkulathumedu | Idukki | 9° 52' | 77° 13' | 1040 | 28.55 | 28.63 | 531 | 533 |
| 16 | Tolanur | Palakkad | 10° 42' | 76° 30' | 100 | 15.70 | 17.20 | 115 | 157 |
| 17 | Pushpagiri* | Idukki | 09° 50' | 77° 03' | 1085 | 21.06* | 21.67** | 200.0* | 223.1** |

* value at 30 m

** value at 50 m

12/03/07

Project Director
ANERT

Section officer

പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 189 — 12.03.2008 ൽ മറുപടിയ്ക്ക്

## വൈദ്യുതി ബോർഡിന്റെ പുനഃസംഘടന സംബന്ധിച്ച റിപ്പോർട്ട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി കെ.കെ. ലതിക<br>ശ്രീ പി. ജയരാജൻ<br>ശ്രീ കെ. കുഞ്ഞിരാമൻ<br>ശ്രീ കെ.വി. കുഞ്ഞിരാമൻ<br>ശ്രീ മുരളി പെരുനെല്ലി | ശ്രീ എ.കെ. ബാലൻ<br>(പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |
| (എ) വൈദ്യുതി ബോർഡിന്റെ പുനഃസംഘടന സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് നിയോഗിച്ചിരുന്ന വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | (എ) ഉണ്ട്. റിപ്പോർട്ട് ഗവൺമെന്റ് തലത്തിൽ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. |
| (ബി) സംസ്ഥാന ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷന്റെ നയങ്ങൾ തിരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ ; | (ബി) ഉണ്ട് . ഇലക്ട്രിസിറ്റി ആക്ട് 2003, വകുപ്പ് 108 പ്രകാരം റഗുലേറ്ററി കമ്മീഷന് പൊതുജനതാൽപര്യം മുൻനിർത്തി സർക്കാർ പോളിസി ഡയറക്ടീവ് നൽകാവുന്നതും കമ്മീഷൻ ഇവയുടെ വെളിച്ചത്തിൽ പ്രവർത്തിക്കേണ്ടതുമാണ്. 16-12-2006-ലെ സർക്കാർ ഉത്തരവ് നം. 34/06/പവർ വകുപ്പ് പ്രകാരം സംസ്ഥാന സർക്കാർ കമ്മീഷന് പോളിസി ഡയറക്ടീവ് നൽകിയിട്ടുണ്ട്. |
| (സി) ഇതിന്റെ ഫലമായി മുൻഗണനാടിസ്ഥാനത്തിൽ വൈദ്യുതി കണക്ഷൻ നൽകുന്ന സംവിധാനം പുനഃസ്ഥാപിക്കാൻ കഴിഞ്ഞിട്ടുണ്ടോ; | (സി) ഇതിന്റെ ഫലമായി ഒ.വൈ.ഇ.സി. അടയ്ക്കാൻ സാധിക്കാത്ത സാധാരണ ഉപഭോക്താക്കൾക്കായി ജനറൽ പ്രയോറിറ്റി സംവിധാനം നിലനിർത്തുകയും ഇതിൻ പ്രകാരം വൈദ്യുതി കണക്ഷൻ തുടർന്നും നൽകിവരികയും ചെയ്യുന്നു. |

(vii) വൈദ്യുതി നിരക്ക് നിശ്ചയിക്കുന്ന തു സംസ്ഥാന റെഗുലേറ്ററി കമ്മീ ഷൻ സർക്കാരിന് ഉപദേശം നൽകി യിട്ടുണ്ടെങ്കിൽ വ്യക്തമാക്കുമോ?

(vii) ഇലക്ട്രിസിറ്റി ആക്ട് 2003ന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് വൈദ്യുതി ചാർജ്ജ് നിർണ്ണയിക്കുവാ നുള്ള പൂർണ്ണ അധികാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ നിക് ഷിപ്തമാക്കിയിട്ടുണ്ട്. ഇതിൻ പ്രകാരം 2006-ലെ ഉത്തരവ് റ്റി.പി.നം.23 ഉം 26-11-2007-ലെ ഉത്തരവ് റ്റി.പി.നം. 30 ഉം 2007-ൽ തുടരെ സംസ്ഥാനത്ത് വൈദ്യുതി ചാർജ്ജ് പുനർ നിർണ്ണയിച്ചു കൊണ്ട് സംസ്ഥാന റെഗുലേറ്ററി കമ്മീ ഷൻ ഉത്തരവു പുറപ്പെടുവിച്ചു. ഇത് 1.12.2007 മുതൽ പ്രാബല്യത്തിൽ വരി കയും ചെയ്തു.

K G Meerakumari

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 190 | 12.03.2008 - ൽ മറുപടിക്ക്

## പുതിയ ഭവനനിർമ്മാണ പദ്ധതികൾ

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. പി.പി. അബ്ദുള്ളക്കുട്ടി :<br>ശ്രീമതി. ജെ. അരുന്ധതി :<br>ശ്രീ. എം.ജെ. ജേക്കബ്<br>ശ്രീ. എ. പ്രദീപ്കുമാർ | ശ്രീ. ബിനോയ് വിശ്വം :<br>(വനവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| എ) ഭവനനിർമ്മാണ ബോർഡ് പുതിയതായി നടപ്പാക്കുന്ന ഭവന നിർമ്മാണ പദ്ധതികൾ ഏതെല്ലാമാണ്; | എ) താഴെപ്പറയുന്ന പുതിയ ഭവനനിർമ്മാണ പദ്ധതികൾ നടപ്പിലാക്കാൻ ഭവനനിർമ്മാണ ബോർഡിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.<br>1. ജഗതി ഭവനനിർമ്മാണ പദ്ധതി - 32 ഫ്ലാറ്റുകൾ.<br>2. പണ്ഡിറ്റ്സ് കോളനി (എക്സ്റ്റെൻഷൻ) ഭവനനിർമ്മാണ പദ്ധതി - 41 ഫ്ലാറ്റുകൾ<br>3. പനമ്പിള്ളി നഗർ പദ്ധതി - 18 ഫ്ലാറ്റുകൾ<br>4. പി.ടി. ചാക്കോ നഗർ റസിഡൻഷ്യൽ കം കമേഴ്സ്യൽ കോംപ്ലക്സ് - 6 ഫ്ലാറ്റുകൾ |
| ബി) ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട് എത്ര കോടി രൂപയുടെ പദ്ധതികളാണ് ഈ വർഷം നടപ്പാക്കിയത്; | ബി) ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട് ഈ വർഷം 1.62 കോടി രൂപയുടെ പദ്ധതികളാണ് നടപ്പാക്കിയത്. (സുരക്ഷാ ഭവന പദ്ധതി 0.535 കോടി, ലക്ഷംവീട് പുനരുദ്ധാരണ പദ്ധതി - 1.09 കോടി). |
| സി) വിറ്റഴിയാതെ കിടന്നിരുന്ന വീടുകളും ഫ്ലാറ്റുകളും വിൽക്കുന്നതിന് | സി) വിറ്റഴിയാതെ കിടന്നിരുന്ന വീടുകളും ഫ്ലാറ്റുകളും |

സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

വിൽക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:-

1. നിർമ്മാണ പൂർത്തീകരണത്തിനു ശേഷം ഈടാക്കുന്ന പലിശ ഒഴിവാക്കി
2. വിലനിർണയത്തിന് കണക്കാക്കുന്ന ഭൂമിയുടെ വിലയിലെ 6% അറ്റൻഡൻസ് ചാർജ്ജ് 2% ആയി കുറച്ചു.
3. നിർമ്മാണ ഘട്ടത്തിൽ കണക്കാക്കുന്ന പലിശ നിരക്ക് ബോർഡിന്റെ ഫണ്ടിന് 12.5% ആയും ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പയെടുത്ത തുകയ്ക്കു് ടി സ്ഥാപനം ചാർജ്ജ് ചെയ്യുന്ന പലിശയുടെ കൂടെ 1.5% കൂടി ചേർത്ത് നിജപ്പെടുത്തുവാൻ തീരുമാനിച്ചു.
4. സൂപ്പർവിഷൻ ചാർജ്ജ് 8.5% ആയി കുറച്ചു
5. സൂപ്പർവിഷൻ, സെന്റേജ് ചാർജ്ജുകൾക്ക് പലിശ ഈടാക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.
6. ഹയർപർച്ചേസിനുള്ള പലിശ പരമാവധി 16% ആയി കുറച്ചു.
7. ഇത്രയും ആനുകൂല്യങ്ങൾ നൽകിയിട്ടും വിറ്റുപോകാത്ത വീടുകൾ/ഫ്ലാറ്റുകൾ/ പ്ലോട്ടുകൾ എന്നിവ ടെണ്ടർ-കം-ഓക്ഷൻ അടിസ്ഥാനത്തിൽ വിൽക്കാനും, ഇത്തരം

വിൽപ്പനക്ക് മേൽപ്പറഞ്ഞ രീതിയിൽ പുതുക്കിയ വിലയുടെ 75% തറവിലയായി നിശ്ചയിക്കുവാനും തീരുമാനിച്ചു.

8. 23.1.2002 ലെ ഗസറ്റ് വിജ്ഞാപന പ്രകാരം ഒരു അലോട്ട്മെൻറ് എടുത്തവർക്ക് വീണ്ടും അലോട്ട്മെൻറ് എടുക്കുന്നതിനുള്ള തടസ്സം നീക്കം ചെയ്തു.

| | | | |
|---|---|---|---|
| ഡി) | ബോർഡ് പുതുതായി ഏറ്റെടുക്കുന്ന പദ്ധതികൾ ഏതെല്ലാമാണ്; | ഡി) | കോഴിക്കോട്, കട്ടപ്പന, പുല്ലഴി എന്നിവിടങ്ങളിൽ വർക്കിംഗ് വിമൻസ് ഹോസ്റ്റലുകളും, കോഴിക്കോട് ചേവരമ്പലത്തു 36 ഫ്ലാറ്റുകളുടെ സമുച്ചയവും, എറണാകുളം കുമാരനാശാൻ നഗറിൽ 22 ഫ്ലാറ്റുകളുടെ സമുച്ചയവും തൃക്കാകരയിൽ 24 ഫ്ലാറ്റുകൾ വീതമുള്ള രണ്ട് ബ്ലോക്ക് ഫ്ലാറ്റുകൾ തുടങ്ങിയ പദ്ധതികൾ സർക്കാർ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഏറ്റെടുത്തു നടപ്പിലാക്കുന്നതാണ്. കൂടാതെ സുനാമി പുനരധിവാസ പദ്ധതിയുടെ ഭാഗമായി സംസ്ഥാനമൊട്ടാകെ 11000 വീടുകളുടെ നിർമ്മാണ മേൽനോട്ടം നിർവഹിക്കുന്നതുമാണ്. |
| ഇ) | വിവിധ വകുപ്പുകളുടെ എന്തെല്ലാം ജോലികൾ കോൺട്രാക്ട് അടിസ്ഥാനത്തിൽ ബോർഡ് ഏറ്റെടുത്തു നടത്തുന്നുണ്ട്; വിശദമാക്കുമോ? | ഇ) | ഭവനനിർമ്മാണ ബോർഡ് കോൺട്രാക്ട് അടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ.

| ക്രമ നമ്പർ | വകുപ്പ്/സ്ഥാപനം | ജോലിയുടെ സ്വഭാവം | കരാർ തുക (PAC) |
|---|---|---|---|
| (A) ഏറ്റെടുത്ത് നടപ്പിലാക്കുന്നവ | | | |
| 1 | വനം വകുപ്പ് | DFO ചാലക്കുടിയുടെ കീഴിൽ (a) Range Officers quarters, Vellikulangara | 7,08,337/- |
| | | (b) Ante pouching shed വെള്ളാനിക്കോട് | 3,78,559/- |
| | | (c) Type II building at Randukai (പരിയാരം റേഞ്ച്) | 5,15,162/- |
| | | (d) Type II building at പരിയാരം (പരിയാരം റേഞ്ച്) | 4,93,015/- |
| | | (e) ചുറ്റുമതിൽ നിർമ്മാണം, വരന്തരപ്പിള്ളി | 5,19,267/- |
| | | ആകെ | 26,14,340/- |
| 2 | VSSC | വലിയമലയിലെ ടെക്നിക്കൽ സർവ്വീസ് കെട്ടിടം | 1,03,31,790/- |
| 3 | VSSC | Extension to Sub Assembly Integration falcility for RLV for TERLS, Thumba | 2,13,86,095/- |
| 4 | MACE (Muslim Association College of Engineering) | കോളേജിന് വേണ്ടി അക്കാദമിക് ബ്ലോക്കിന്റെ നിർമ്മാണം | 1,62,12,008/- |
| 5 | KSRTC | കാട്ടാക്കടയിൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം | 2,90,64,695/- |
| | | ആകെ (A) | 7,96,08,928/- |
| (B) ഏറ്റെടുത്ത് നടപ്പിലാക്കിയവ | | | |
| 1 | VSSC | VSSC, തുമ്പയിലെ വിവിധ കാമ്പസുകളിലെ റോഡ് നിർമ്മാണം | 1,00,49,316/- |
| 2 | KLDB (Kerala Live Stock Development Board) | മൂന്നാറിലെ മാട്ടുപ്പെട്ടി ഫാമിലെ വിവിധ കെട്ടിടങ്ങളുടെ നവീകരണ ജോലികൾ | 12,38,368/- |
| | | ആകെ (B) | 1,12,87,684/- |
| ആകെ (A + B) = 9,08,96,614/- രൂപ | | | |

Section Officer.

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 191 — 12-3-2008ൽ മറുപടിയ്ക്ക്

## ഇന്റർനാഷണൽ ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.വി. അബ്ദുൾ ഖാദർ :<br>ശ്രീ. അൽഫോൺസ് കണ്ണന്താനം :<br>ശ്രീ. സി.എച്ച്. കുഞ്ഞമ്പു:<br>ശ്രീ. കെ.വി.കുഞ്ഞിരാമൻ:<br>ശ്രീ. എം.എം. മോനായി: | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) ഇന്റർനാഷണൽ ഹോസ്പിറ്റാലിറ്റി മാനേജ് മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഏതെല്ലാം സ്ഥലങ്ങളിൽ ആരംഭിക്കുന്നതിനാണ് സംസ്ഥാന സർ ക്കാർ കേന്ദ്ര സഹായം ആവശ്യപ്പെട്ടത്; ഇതിൽ ഏതെല്ലാം സ്ഥലങ്ങളിൽ ഈ സ്ഥാപനം തുടങ്ങുന്നതിന് അനുമതി ലഭിച്ചു; | എ) കോഴിക്കോടും ആലപ്പുഴയിലും ഓരോ ഇന്റർ നാഷണൽ ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് ഇൻ സ്റ്റിറ്റ്യൂട്ടുകൾ ആരംഭിക്കുന്നതിനായി കേന്ദ്ര സഹായം ആവശ്യപ്പെട്ടിരുന്നു. ഇതിൽ കോഴി ക്കോടുള്ളതിന് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചു. |
| ബി) അനുമതി ലഭിച്ച സ്ഥലങ്ങളിൽ അവ ആരംഭി ക്കുന്നതിന് സ്വീകരിച്ച നടപടികളുടെ പുരോ ഗതി വ്യക്തമാക്കുമോ; | ബി) പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനായി നിർദ്ദേശിക്കപ്പെട്ട ഭൂമി ലഭ്യമാക്കാനുള്ള നടപടികൾ നടന്നുവരുന്നു. പദ്ധതിയ്ക്ക് ഭരണാനുമതി നൽകുന്ന തിനുള്ള നടപടികൾ സർക്കാരിന്റെ പരിഗണനയി ലാണ്. കേന്ദ്ര മാർഗ്ഗനിർദ്ദേശപ്രകാരം പ്രസ്തുത ഇൻ സ്റ്റിറ്റ്യൂട്ടിന്റെ ഭരണനിർവ്വഹണത്തിനും നടത്തിപ്പിനു മായുള്ള ഒരു സൊസൈറ്റി രൂപീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |
| സി) പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതിന് എത്ര തുകയാണ് കേന്ദ്ര സർക്കാർ അനുവദി ച്ചത്; ആവശ്യമായ തുക എത്രയാണെന്നും വ്യക്തമാക്കാമോ; | സി) കേന്ദ്ര സർക്കാർ അനുവദിച്ച തുക- 10 കോടി<br>ആകെ മതിപ്പ് ചിലവ്-15.65 കോടി |

| | | |
|---|---|---|
| ഡി) | ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതിലൂടെ ടൂറിസം രംഗത്ത് ഉണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണ്; | ഡി) കേരളത്തിലെ ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് പഠന രംഗത്ത് ഒരു വിപ്ലവമായിത്തീരുവാൻ ഈ പദ്ധതിയ്ക്ക് കഴിയുമെന്നുള്ളത് ഉറപ്പാണ്. അന്താരാഷ്ട്ര നിലവാരത്തിലുള്ള കോഴ്സുകൾ കുറഞ്ഞ ചിലവിൽ വിദ്യാർത്ഥികൾക്ക് ലഭ്യമാകും. ഈ രംഗത്ത് മികച്ച ഉന്നതവിദ്യാഭ്യാസം നേടി പുറത്തിറങ്ങുന്ന യുവാക്കൾക്ക് തൊഴിൽ ലഭിക്കുവാനുള്ള സാധ്യത കൂടുതലാണ്. കൂടാതെ പഠിച്ച് ഇറങ്ങുന്നവർ സ്വന്തം നിലയിലും അല്ലാതെയും ഈ രംഗത്ത് പ്രവർത്തിക്കുവാൻ പ്രാപ്തരായിരിക്കും. എല്ലാ നിലയിലും ടൂറിസം രംഗത്ത് ഇത് നേട്ടമുണ്ടാക്കും. |
| ഇ) | ഇൻസ്റ്റിറ്റ്യൂട്ടിൽ എത്ര കുട്ടികൾക്ക് പ്രവേശനം ലഭിക്കുമെന്നും പഠിച്ചിറങ്ങുന്ന കുട്ടികളുടെ തൊഴിൽ സാധ്യതകൾ എന്തെല്ലാമെന്നും വിശദമാക്കുമോ? | ഇ) പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിൽ ഒരു ബാച്ചിൽ 100 വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുവാൻ കഴിയുമെന്നാണ് കണക്കാക്കുന്നത്.<br>കേരളത്തിനകത്തും ഇന്ത്യയാകമാനവും ഇന്ത്യയ്ക്ക് പുറത്തുമുള്ള വൻകിട ഹോട്ടലുകൾ, ടൂറിസം സ്ഥാപനങ്ങൾ തുടങ്ങിയവയിൽ ഉന്നത ഉദ്യോഗങ്ങൾ കരസ്ഥമാക്കാൻ ഈ ഇൻസ്റ്റിറ്റ്യൂട്ടിലെ പഠനം കുട്ടികളെ പ്രാപ്തരാക്കും. കൂടാതെ സ്വന്തം നിലയിൽ ടൂറിസം പ്രസ്ഥാനങ്ങൾ നടത്തുവാനും കുട്ടികൾ പ്രാപ്തരാകും. |

Saraswathi

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 192 12.3.2008-ലെ മറുപടിക്ക്

'പട്ടികജാതി - പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ പദ്ധതി നിർവഹണം'

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എസ്. രാജേന്ദ്രൻ<br>" ബാബു. എം. പാലിശ്ശേരി<br>" വി. ചെന്താമരാക്ഷൻ<br>" എം. ഹംസ | ശ്രീ. എ. കെ. ബാലൻ<br>(പിന്നോക്ക പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |
| എ) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ പദ്ധതി നിർവ്വഹണം ഫലപ്രദമാക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ ; | എ) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ പദ്ധതി നിർവ്വഹണം നടപ്പാക്കാൻ ഊർജ്ജിത നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. പ്രത്യേക ഘടകപദ്ധതി / പട്ടികവർഗ്ഗ ഉപപദ്ധതി ഫണ്ട് (തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റ്-ഇൻ-എയ്ഡ് ഉൾപ്പെടെ) ഉപയോഗിച്ച് നടത്തുന്ന വിവിധ പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിന് സംസ്ഥാനത്തിന്റെ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും, സംസ്ഥാനതലത്തിലും. അവലോകന യോഗങ്ങൾ നടത്തുന്നുണ്ട്. മന്ത്രിതലത്തിൽ എല്ലാ ആഴ്ചയും വകുപ്പിലെ ഉയർന്ന ഉദ്യോഗസ്ഥരുമായി ഇക്കാര്യം ചർച്ച ചെയ്യുന്നതിനു പുറമെ ഓരോ മാസവും വിപുലമായ റിവ്യൂവും നടത്തുന്നുണ്ട്. കൂടാതെ പദ്ധതി നിർവ്വഹണം ഫല പ്രദമാക്കാൻ ജില്ലാതല ഉദ്യോഗസ്ഥന്മാരുടെ യോഗങ്ങളും നടത്തുന്നുണ്ട്. കൂടാതെ പദ്ധതികളുടെ നിർവ്വഹണ |

| | | | |
|---|---|---|---|
| | | | പുരോഗതി വിലയിരുത്തുന്നതിന് സർക്കാർ തലത്തിൽ പ്ളാനിംഗ് & മോണിറ്ററിംഗ് വിഭാഗവും പ്രവർത്തിച്ചു വരുന്നു. |
| ബി) | ജില്ലാതലങ്ങളിൽ ഇതു സംബ ന്ധിച്ച് റിവ്യൂ നടക്കുന്നുണ്ടോ ; | ബി) | റിവ്യൂ നടക്കുന്നുണ്ട്. |
| സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങ ൾക്ക് നൽകുന്ന ഗ്രാന്റ് ഇൻ എയ്ഡ് വിഹിതം വിനിയോഗി ക്കുന്നതു സംബന്ധിച്ച് റിവ്യൂ നടക്കുന്നുണ്ടോ ; | സി) | റിവ്യൂ നടക്കുന്നുണ്ട്. |
| ഡി) | റിവ്യൂ നടപടികളുടെ ഭാഗമായി പദ്ധതി നിർവ്വഹണത്തിലെ പോരായ്മകൾ പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ടോ ? | ഡി) | പോരായ്മകൾ പരിഹരിക്കാൻ കഴിഞ്ഞി ട്ടുണ്ട്. ഇതിന്റെ ഫലമായി കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ മുൻ വർഷ ങ്ങളെ അപേക്ഷിച്ച് ഫണ്ട് വിനിയോഗ ത്തിൽ കാര്യമായ പുരോഗതി നേടാൻ കഴിഞ്ഞിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷം അവസാനിക്കുമ്പോഴേയ്ക്കും പദ്ധതി വിഹിതം പൂർണ്ണമായും ചെലവ ഴിക്കാൻ ലക്ഷ്യമിട്ട് കൊണ്ടുള്ള ഊർജ്ജിത നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

## പന്ത്രണ്ടാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം 12.03.2008 - ൽ
നമ്പർ : 193 മറുപടിക്ക്

### കയർ ഉല്പന്നങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.കെ.സദാശിവൻ<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ<br>ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്<br>ശ്രീ. പി. വിശ്വൻ | ശ്രീ. ജി. സുധാകരൻ<br>(സഹകരണവും കയറും ദേവസ്വവും വകുപ്പു മന്ത്രി) |
| (എ) കേരളത്തിലെ കയറുല്പ്പന്നങ്ങളുടെ കയറ്റുമതിയും ആഭ്യന്തര വിപണിയും പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; | (എ) കയറുല്പന്നങ്ങളുടെ കയറ്റുമതിയും ആഭ്യന്തരവിപണിയും പ്രോൽസാഹിപ്പിക്കുന്നതിനായി പ്രധാന നഗരങ്ങളിൽ വ്യാപാരമേളകളിലും, ദേശീയ അന്തർദേശീയ പ്രദർശനങ്ങളിലും പങ്കെടുക്കുന്നതിന് ധനസഹായം നൽകി വരുന്നു. കൂടാതെ ദൂരദർശൻ, ആകാശവാണി, പ്രധാന പത്രങ്ങൾ, മാസികകൾ തുടങ്ങിയവ വഴി നടത്തുന്ന പരസ്യ ചെലവിന്റെ 50% തുക ഗ്രാന്റായി കയർഫെഡ്, കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് (ഇൻഡ്യ) ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾക്ക് നൽകി വരുന്നു. പുതിയ ഷോറൂം തുടങ്ങുന്നതിന് ഒരു ലക്ഷം രൂപ വരെ സഹായധനം നൽകുന്നുണ്ട്. ആഭ്യന്തരവിപണി വിപുലപ്പെടുത്തുന്നതിനായി കയറിന്റെയും കയറുല്പന്നങ്ങളുടേയും 300 - ഓളം സഹകരണ സ്ഥാപനങ്ങൾ വഴി വില്പനകേന്ദ്രങ്ങൾ തുടങ്ങാൻ നടപടി |

സ്വീകരിച്ചു വരുന്നു. ഇത് നടപ്പിലാക്കാൻ കയർ കോർപ്പറേഷൻ, കയർഫെഡ്, ഫോം മാറ്റിംഗ്സ് (ഇൻഡ്യ) ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശ സ്ഥാപനങ്ങൾ എന്നിവ പരമാവധി കയർ ഉല്പന്നങ്ങൾ ഉപയോഗിക്കണമെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

കേരളത്തിലെ കയറിനും കയർ ഉല്പന്നങ്ങൾക്കും ഒരു ബ്രാൻഡ് ഇമേജ് ഉണ്ടാക്കുന്നതിന് നടപടികൾ എടുത്തു വരുന്നു. ഈ പദ്ധതി നടപ്പിലാക്കുന്നതിനായി നാഷണൽ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (NCRMI)-ന് 40 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടമായി ബ്രാന്റ് ലോഗോ പ്രകാശനം ചെയ്തിട്ടുണ്ട്. കയർ ഉല്പന്നങ്ങൾക്ക് ആകർഷണീയമായ വില്പനശാല എന്ന ആശയത്തിൽ കയർ വികസന ഡയറക്ടറേറ്റ്, നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്, കയർഫെഡ്, കയർ കോർപ്പറേഷൻ എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട വില്പനശാലകൾ "COIR SHOPPE" ആക്കുന്നതിനുള്ള ആധുനികവൽക്കരണത്തിന്റെ നടപടികൾ എടുത്തിട്ടുണ്ട്. കയർ ഉല്പന്നങ്ങളുടെ പ്രചരണാർത്ഥം സംസ്ഥാനത്തെ പ്രധാന ജംഗ്ഷനുകളിലും പ്രധാന റോഡ് സൈഡുകളിലും ഡിസ്പ്ലേ ബോർഡുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ

| | |
|---|---|
| | സ്വീകരിച്ചിട്ടുണ്ട്. വിദേശ കമ്പോളത്തിനനുസൃതമായ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനായി കംപ്യൂട്ടർ എയ്ഡഡ് ഡിസൈൻ സെന്ററുകൾ സ്ഥാപിക്കുന്നതിനാവശ്യമായ സഹായം പൊതുമേഖലാ സ്ഥാപനങ്ങൾക്കും സംഘങ്ങൾക്കും നൽകി വരുന്നു. കൂടാതെ ആഗോള തലത്തിലുള്ള ആവശ്യങ്ങൾക്കനുസൃതമായി ഗുണമേന്മയും വൈവിദ്ധ്യവുമുള്ള ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് കയർ വ്യവസായത്തിൽ ആധുനികവൽക്കരണവും പരിശീലന പരിപാടികളും നടപ്പിലാക്കി വരുന്നുമുണ്ട്. |
| (ബി) കയർ ഉല്പന്നങ്ങൾക്ക് 'ബ്രാൻഡ്നെയിം' അംഗീകരിച്ച് പ്രചാരണം നടത്തിയതിന്റെ ഫലമായി കയറ്റുമതി രംഗത്ത് നേട്ടം ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടോ; | (ബി) കയർ ഉല്പന്നങ്ങളുടെ ബ്രാന്റ് ഇമേജിന്റെ നടപടികൾ പുരോഗമിച്ചു വരികയാണ്. ബ്രാന്റ് ലോഗോ (KERALA COIR - GOLDEN YARN OF GOD'S OWN COUNTRY) ആദ്യ ഘട്ടത്തിൽ വിപുലമായ പ്രചാരണ പരിപാടികളോടെ പ്രകാശനം നടത്തിയിട്ടുണ്ട്. ബ്രാന്റ് നെയിം പദ്ധതി പൂർത്തീകരിച്ച്, ആയതിന്റെ പുരോഗതി വിലയിരുത്തി നടപടികൾ എടുക്കുന്നതാണ്. കയർ ബ്രാന്റിന് രജിസ്ട്രേഷൻ കിട്ടിയിട്ടില്ല. ഈ പരിഷ്ക്കാരം കയറ്റുമതിയിൽ പ്രതിഫലിക്കാൻ സമയമായിട്ടില്ല. കയർ ഉല്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണത്തിനായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈനുമായി ചേർന്ന് ഒരു പ്രോഗ്രാം ആലപ്പുഴയിൽ ആരംഭിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. |

| | |
|---|---|
| (സി) കയറുല്പന്നങ്ങളുടെ വൈവിധ്യവൽക്കരണത്തിനും ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനുമായി നടപടി കൈക്കൊണ്ടിട്ടുണ്ടോ; | (സി) ഒരേ റാട്ടിൽ വിവിധ തരം കയർ ഉല്പാദിപ്പിക്കുന്നതിനും വൈവിധ്യമാർന്ന കയറുല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിനുമുള്ള പരിശീലന പരിപാടികൾ നാഷണൽ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (NCRMI), കയർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കയർ കോർപ്പറേഷൻ എന്നിവയുടെ ആഭിമുഖ്യത്തിൽ നടത്തി വരുന്നു. ഗുണനിലവാരവും വൈവിദ്ധ്യവൽക്കരണവും നടപ്പിലാക്കുന്നതിന്റെ ഭാഗമായി പൊതു സൗകര്യ സേവന കേന്ദ്രങ്ങൾ തുടങ്ങുന്നതിന് സഹായവും പരിശീലന പരിപാടികളും നടത്തി വരുന്നു. കൂടാതെ കയർ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ സങ്കരയാൺ നിർമ്മാണ ഫാക്ടറിയും ഫോം മാറ്റിംഗ്സ് (ഇൻഡ്യ) ലിമിറ്റഡിന്റെ ആഭിമുഖ്യത്തിൽ കയർ കോംപോസിറ്റ് ബോർഡുകളുടെ നിർമ്മാണത്തിനുള്ള പുതിയ ഫാക്ടറിയും ആരംഭിക്കുന്നതിനുള്ള നടപടികൾ എടുത്തു വരുന്നു. കയർ ജിയോടെക്സ്റ്റയിൽസ്, കയർ പിത്ത് തുടങ്ങിയവയുടെ ഉൽപാദനം, പരിശീലനം, വിപണനം എന്നിവയ്ക്കായി പദ്ധതികൾ നടപ്പിലാക്കി വരുന്നു. വിപണിയിൽ പ്രിയമുള്ളതും, മെച്ചപ്പെട്ടതും, എന്നാൽ ഇന്നത്തെ തലമുറയ്ക്ക് വേണ്ടത്ര പരിചിതമല്ലാത്തതുമായ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് പുതുതലമുറ - തൊഴിലാളികളെ പരിശീലിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |

| | |
|---|---|
| (ഡി) കയർ ഉല്പന്നങ്ങൾ ഇപ്പോൾ വൻതോതിൽ കെട്ടിക്കിടക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ? | (ഡി) കയർ ഉല്പന്നങ്ങൾ ഇപ്പോൾ കെട്ടിക്കിടപ്പുള്ളതായി റിപ്പോർട്ടില്ല. എന്നാൽ ചിറയിൻകീഴ്, കൊല്ലം തുടങ്ങിയ ചില സ്ഥലങ്ങളിൽ കയർ യാൺ കെട്ടിക്കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>സെക്ഷൻ ഓഫീസർ |

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

നിയമസഭാ ചോദ്യം : **194** 12.03.2008-ൽ മറുപടിക്ക്

## പോലീസ് വകുപ്പിന്റെ വിഭജനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ടി. അഹമ്മദ് അലി | ശ്രീ. കോടിയേരി ബാലകൃഷ്ണൻ (ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) പോലീസ് വകുപ്പിനെ ലോ ആന്റ് ഓർഡർ, ഇൻവെസ്റ്റിഗേഷൻ എന്നിങ്ങനെ രണ്ടായി വിഭജിക്കുന്ന നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ് ; | : (എ) സർക്കാർ ഉത്തരവ് (ആർടി.) നമ്പർ.3069/2006/ആഭ്യന്തരം, തീയതി 22.12.2006, പ്രകാരം സംസ്ഥാനത്ത് തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളിൽ മേൽപ്പറഞ്ഞ സംവിധാനം 01.01.2007 മുതൽ നടപ്പിലാക്കിയിട്ടുണ്ട്. തുടർന്ന് മേൽപ്പറഞ്ഞ മൂന്ന് നഗരങ്ങളിലും ഈ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ്, സൗത്ത് സോണിന്റെ നേതൃത്വത്തിൽ പോലീസ് ഇൻസ്പെക്ടർ ജനറൽ, കണ്ണൂർ, പോലീസ് ഇൻസ്പെക്ടർ ജനറൽ, എറണാകുളം, പോലീസ് കമ്മീഷണർ, തിരുവനന്തപുരം സിറ്റി, പോലീസ് കമ്മീഷണർ, കൊച്ചി സിറ്റി എന്നിവർ അംഗങ്ങളായി ഒരു കമ്മിറ്റി പോലീസ് ഹെഡ്ക്വാർട്ടേഴ്സ് ഉത്തരവ് നമ്പർ.ടി1.2/6751/08 തീയതി 16.02.2008 പ്രകാരം രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. |

(Ctnd.........2/-)

| | |
|---|---|
| (ബി) ഇത് എന്ന് എല്ലാ സ്റ്റേഷനുകളിലും നടപ്പാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ; | : (ബി) ഇപ്പോൾ നടപ്പിലാക്കിയ സ്ഥലങ്ങളിലെ പ്രവർത്തനം വിലയിരുത്തിയശേഷം മാത്രമേ, ഇക്കാര്യത്തിൽ ഒരു തീരുമാനം എടുക്കുവാൻ സാധിക്കുകയുള്ളൂ. |
| (സി) ഇതിന് വേണ്ടുന്ന അധിക സാമ്പത്തിക ബാധ്യത എത്രയെന്നും അധിക തസ്തികകൾ ഏതൊക്കെയെന്നും വിശദമാക്കാമോ ? | : (സി) ഈ സംവിധാനം പൂർണ്ണമായി നടപ്പിലാക്കിയാൽ മാത്രമേ സാമ്പത്തിക ബാദ്ധ്യത എത്രയെന്ന് കണക്കാക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം: 195</u>      <u>12.3.2008 - ന് മറുപടിയ്ക്ക്</u>

## <u>നിർമ്മിതി കേന്ദ്രത്തിൻെറ പ്രവർത്തനം</u>

| ചോദ്യം : | ഉത്തരം : |
|---|---|
| ശ്രീ. കെ.കെ. ദിവാകരൻ :<br>ശ്രീ. വി. ശിവൻകുട്ടി :<br>ശ്രീ. എം. ഹംസ :<br>ശ്രീമതി. കെ.എസ്. സലീഖ : | ശ്രീ. ബിനോയ് വിശ്വം :<br>(വനവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാന നിർമ്മിതി കേന്ദ്രത്തിൻെറ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും വിപുലീകരിക്കുന്നതിനുമായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | എ) സംസ്ഥാന നിർമ്മിതി കേന്ദ്രത്തിൻെറ വിവിധ പദ്ധതികൾക്കായി പതിനൊന്നാം പഞ്ചവത്സര പദ്ധതിയിൽ 22 കോടി രൂപ വകകൊള്ളിക്കുകയും അതിലെ ഒന്നാംവർഷ പദ്ധതിക്കായി 2007-08 ൽ 220 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പട്ടികജാതിവികസന വകുപ്പിനു വേണ്ടി 2500 വീടുകൾ വയ്ക്കുന്നതിന് ഏഴ് ജില്ലകളിലായി 17.5 കോടി രൂപയും പട്ടികവർഗ്ഗ വികസന വകുപ്പിനുവേണ്ടി 230 ഭവനങ്ങൾ നിർമ്മിക്കുന്നതിനു 230 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. കൂടാതെ പാലക്കാട് ജില്ലയിൽ അട്ടപ്പാടി ഊരുവികസന സമിതിയ്ക്കുവേണ്ടി മൂന്ന് ഊരുകളുടെ സമ്പൂർണ്ണ വികസനത്തിനായി 4 കോടി |

| | | | |
|---|---|---|---|
| | | | രൂപയുടെ പദ്ധതിയ്ക്ക് കൺസൽട്ടേഷൻചുമതല നിർവഹിച്ചുവരുന്നു. പ്രവർത്തന രഹിതമായി കിടന്നിരുന്ന നിർമ്മിതി ഗുരുകുലം പുനർജ്ജീവിപ്പിച്ച് 'ലാറി ബേക്കർ നിർമ്മിതി ട്രെയിനിംഗ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് 'എന്നു പുനർ നാമകരണം ചെയ്തു പരിശീലന പരിപാടികളും മറ്റും നടത്തിവരുന്നു. കെട്ടിടനിർമ്മാണത്തൊഴിലാളികൾക്ക് വേണ്ടിയുള്ള പരിശീലനത്തിനു പാഠ്യപദ്ധതി തയ്യാറാക്കി ഇതിന്റെ അടിസ്ഥാനത്തിൽ പരിശീലന പരിപാടികൾ ആരംഭിച്ചു കഴിഞ്ഞു. നാല് തൊഴിൽ മേഖലകളിൽ NCVT യുടെ അംഗീകാരത്തോടുകൂടി ITC ആരംഭിയ്ക്കുവാൻ അംഗീകാരം ലഭിച്ചിട്ടുണ്ട്. പ്രവർത്തനരഹിതമായി കിടന്ന കെട്ടിടങ്ങൾ പ്രവർത്തന സജ്ജമാക്കാനും പഴയമെഷീനുകൾ മാറ്റി പുതിയവ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. |
| ബി) | ഈ വർഷം എത്ര കോടി രൂപയുടെ ജോലികൾ നിർമ്മിതി കേന്ദ്രം ഏറ്റെടുത്തു നടപാക്കി എന്ന് അറിയിക്കാമോ; | ബി) | നടപ്പു സാമ്പത്തികവർഷം 18.50 കോടി രൂപയുടെ നിർമ്മാണ ജോലികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| സി) | കെട്ടിട നിർമ്മാണ വസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; | സി) | ഉണ്ട്. നിലവിൽ ഏഴ് നിർമ്മാണ ശാലകൾ പ്രവർത്തിച്ചു വരുന്നു. മൂന്ന് പുതിയ ഉൽപ്പാദന ശാലകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. |
| ഡി) | കുറഞ്ഞ നിരക്കിൽ ഭവനനിർമ്മാണ സമാഗ്രികൾ വിതരണം | ഡി) | പാലക്കാട് ജില്ലയിൽ കെട്ടിട നിർമ്മാണ വസ്തുക്കൾ കുറഞ്ഞ |

| | | | |
|---|---|---|---|
| | ചെയ്യുന്നതിന് പദ്ധതി ആവിഷ്ക്കരിക്കുമോ; | | നിരക്കിൽ വിതരണം ചെയ്യുന്നതിന് വേണ്ടി ഒരു മാർജിൻഫ്രീ മാർക്കറ്റ് ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. വ്യവസായിക പാഴ്വസ്തുക്കൾ ഉപയോഗിച്ചുകൊണ്ടുള്ള കെട്ടിട നിർമ്മാണ സാമഗ്രികൾ ഉൽപ്പാദിപ്പിക്കുന്നതിനുള്ള കേന്ദ്രം തുടങ്ങുന്നതാണ്. |
| ഇ) | കെട്ടിട നിർമ്മാണ മേഖലയിലെ തൊഴിലാളികൾക്ക് പരിശീലനം നൽകുന്നതിനുള്ള പദ്ധതി വിപുലീകരിക്കുവാൻ നടപടി സ്വീകരിക്കുമോ? | ഇ) | വിപുലീകരണത്തിന്റെ ഭാഗമായി ഈ വർഷം 60 ലക്ഷം രൂപ ചെലവിൽ ആയിരത്തോളം അവിദഗ്ധ തൊഴിലാളികൾക്ക് ചെലവു കുറഞ്ഞ ഗൃഹ നിർമ്മാണ മേഖലയിൽ പരിശീലനം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ.

## പന്ത്രണ്ടാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 196 — 12/3/2008 - ൽ മറുപടിയ്ക്ക്

### വനിതാ സെല്ലുകൾ ആരംഭിക്കുന്നതിനുള്ള നടപടി

**ചോദ്യം** — **ഉത്തരം**

ശ്രീ. പി. സി. ജോർജ് :

ശ്രീ. കോടിയേരി ബാലകൃഷ്ണൻ
(ആഭ്യന്തരവും വിനോദസഞ്ചാരവും
വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ എല്ലാ മുനിസിപ്പാലിറ്റികളിലും വനിതാ സബ് ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിൽ വനിതാ സെല്ലുകൾ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നോ ; | എ) ഇല്ല. |
| (ബി) എങ്കിൽ ഇതിനകം എത്ര മുനിസിപ്പാലിറ്റികളിൽ വനിതാ സെല്ലുകൾ തുടങ്ങി ; | ബി) ചോദ്യം ഉദിക്കുന്നില്ല. |
| (സി) മുനിസിപ്പാലിറ്റികൾ ഇല്ലാത്ത പോലീസ് സബ് ഡിവിഷൻ കേന്ദ്രങ്ങളിലും വനിതാ സെല്ലുകൾ തുടങ്ങാൻ നടപടി സ്വീകരിക്കുമോ ; | (സി) യും (ഡി) യും : ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) ഇപ്പോൾ വനിതാ സെല്ലുകൾ തുടങ്ങാത്ത മറ്റു സ്ഥലങ്ങളിൽ എപ്പോൾ തുടങ്ങുമെന്ന് വ്യക്തമാക്കുമോ ? | |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 197 12-03-08 ൽ മറുപടിയ്ക്ക്

## വനം വകുപ്പ് വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ചന്ദ്രൻ<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>ശ്രീ. കെ.കെ. ജയചന്ദ്രൻ<br>ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീ. രാജു എബ്രഹാം | ശ്രീ. ബിനോയ് വിശ്വം<br>(ബഹു. വനവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) വനം വകുപ്പിന്റെ വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; | (എ) ഉണ്ട് |
| (ബി) വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ; | (ബി) വനം വകുപ്പ് ആസ്ഥാനത്ത് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ്) പ്രവർത്തിക്കുന്നു. കോഴിക്കോട്, കോട്ടയം എന്നീ രണ്ടു മേഖലകളിലായി രണ്ട് കൺസർവേറ്റർമാരും ഓരോ കൺസർവേറ്റർമാരുടെ കീഴിലും നാല് ഫ്ളൈയിംഗ് സ്ക്വാഡ് ഡിവിഷനുകൾ വീതം മൊത്തം എട്ട് ഫ്ളൈയിംഗ് സ്ക്വാഡ് ഡിവിഷനുകളും പ്രവർത്തിച്ചുവരുന്നു. ഓരോ ഫ്ളൈയിംഗ് സ്ക്വാഡ് ഡിവിഷന്റെ കീഴിലും രണ്ടോ മൂന്നോ ഫ്ളൈയിംഗ് സ്ക്വാഡ് യൂണിറ്റുകൾ റെയിഞ്ചാഫീസർമാരുടെ നേതൃത്വത്തിൽ പ്രവർത്തിച്ചു വരുന്നു. 12 അസിസ്റ്റന്റ് കൺസർവേറ്റർമാരെയും 23 റെയിഞ്ചാഫീസർമാരെയും കൂടാതെ ഓരോ ഫ്ളൈയിംഗ് സ്ക്വാഡ് യൂണിറ്റിന്റെ കീഴിലും 6 മുതൽ 8 വരെ ഫോറസ്റ്റർ, ഗാർഡ് തസ്തികയി |

ലുള്ള ജീവനക്കാരുൾപ്പെടെ മൊത്തം 136
സംരക്ഷണവിഭാഗം ജീവനക്കാരെയും 93
മിനിസ്റ്റീരിയിൽ വിഭാഗം ജീവനക്കാരെയു
വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനത്തി
നായി വിന്യസിച്ചിട്ടുണ്ട്.

ഇതു കൂടാതെ ഒരു അസിസ്റ്റന്റ് ഫോറസ്റ്റ
കൺസർവേറ്ററുടെനേതൃത്വത്തിൽ ഫോറസ്റ്റ
ഇന്റലിജൻസ് സെൽ പ്രത്യേകമായി രൂപീകര
ച്ചിട്ടുണ്ട്. ഈ സെല്ലിൽ ഒരു റെയിഞ്ചാഫീസ
റും ഒരു ഫോറസ്റ്ററും അഞ്ച് ഫോറസ്റ്റ് ഗാർഡു
മാരും ജോലിനോക്കുന്നു. ചന്ദന കള്ളക്കട
ത്ത്, പാമ്പിൻ വിഷം കടത്ത്, നായാട്ട്
കഞ്ചാവ് കൃഷി, ചാരായവേട്ട, വനം കയ്യേ
റ്റം, ആനക്കൊമ്പിന്റെയും വന്യജീവികളുടെ
തുകലിന്റെയും കച്ചവടം തുടങ്ങിയ കുറ്റകൃ
ത്യങ്ങൾ തടയുന്നതിനുള്ള പ്രവർത്തനങ്ങൾ
ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.

വിജിലൻസ് വിഭാഗത്തിന്റെ എല്ലാ
യൂണിറ്റുകളിലും ജീപ്പുകളും ഫോണുകളു
ലഭ്യമാക്കിയിട്ടുണ്ട്. രഹസ്യാന്വേഷണ പ്രവ
ത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി എല്ല
ഫ്ളൈയിംഗ് സ്ക്വാഡു ഡിവിഷനുകളി
നിന്നുമായി തെരഞ്ഞെടുത്ത 30 ജീവനക്ക
ർക്ക് തൃശ്ശൂർ പോലീസ് ട്രെയിനിംഗ് അക്കാ
ഡമിയിൽ പ്രത്യേക പരിശീലനം നൽകിയിട്ടു
ണ്ട്.

സംസ്ഥാനത്തൊട്ടാകെ ഒരു രഹസ്യ
ന്വേഷണ വലയവും രൂപപ്പെടുത്തിയിട്ടുണ
ഇതിന്റെ ചെലവിലേക്കായി മൊത്തം
ലക്ഷം രൂപയും രഹസ്യവിവരം നൽകുന്ന

| | | | |
|---|---|---|---|
| | | | രിക്ക് പാരിതോഷികം നൽകുന്നതിനായി 5 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.<br><br>വനം വന്യജീവി കുറ്റകൃത്യങ്ങളെ സംബന്ധിച്ച് വിവരം ശേഖരിക്കുവാൻ ഒരു ടോൾഫ്രീ ഫോൺനമ്പരും ഏർപ്പെടുത്തിയിട്ടുണ്ട്. (നം. 1800 425 4733). അന്തർസംസ്ഥാനതലത്തിൽ അന്വേഷണം ശക്തിപ്പെടുത്തുന്നതിനായി ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ വനം വകുപ്പ് മന്ത്രിമാരുടെ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം തലസ്ഥാനത്ത് രൂപീകരിച്ചിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തുനിന്നും വൻതോതിൽ പാമ്പിൻ വിഷം കടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി)<br>(ഡി) | ഉണ്ട്. വനം വകുപ്പിന്റെ ഇന്റലിജൻസ് സെല്ലും, ഫ്ളൈയിംഗ് സ്ക്വാഡ് വിഭാഗവും ഇതു സംബന്ധിച്ച് രഹസ്യവിവരങ്ങൾ ശേഖരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ മുമ്പൊരിക്കലും ഉണ്ടാകാത്തത്ര റെയിഡുകൾ നടത്തുകയും കുറ്റവാളികളെ പിടിക്കുകയും ചെയ്യുന്നുണ്ട്. |
| (ഡി) | ഇത് തടയുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ ; | | |
| (ഇ) | വനമേഖലയിലെ കഞ്ചാവുകൃഷി, കള്ളവാറ്റ് എന്നിവ തടയുന്നതിന് വിജിലൻസ് വിഭാഗത്തിന് കഴിഞ്ഞിട്ടുള്ളതായി വിലയിരുത്തിയിട്ടുണ്ടോ ; | (ഇ) | ഉണ്ട്. ഇക്കാര്യത്തിൽ നടപടികൾ ഊർജ്ജിതപ്പെടുത്തുന്നതാണ്. |

| | | | |
|---|---|---|---|
| (എഫ്) | ഈ സർക്കാർ അധികാര മേറ്റശേഷം വനനശീകരണവുമായി ബന്ധപ്പെട്ട എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ ; | (എഫ്) | 1849 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 198**

**12.03.2008 - ൽ മറുപടിയ്ക്ക്**

സഹകരണ മേഖലയിലെ അഴിമതിയും ധൂർത്തും

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ജോർജ് എം. തോമസ് :<br>ശ്രീ. സി.കെ.പി. പത്മനാഭൻ :<br>ശ്രീ. വി. ചെന്താമരാക്ഷൻ :<br>ശ്രീ. കെ.സി. രാജഗോപാലൻ :<br>ശ്രീമതി. പി. ആയിഷാ പോറ്റി : | ശ്രീ. ജി. സുധാകരൻ<br>(സഹകരണവും കയറും<br>ദേവസ്വവും വകുപ്പു മന്ത്രി) |
| (എ) സഹകരണ മേഖലയിലെ അഴിമതിയും ധൂർത്തും തടയുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ; | (എ) സഹകരണ മേഖലയിലെ അഴിമതിയും ധൂർത്തും നിർമ്മാർജ്ജനം ചെയ്യുന്നതിന് സർക്കാർ കർശന നടപടികൾ സ്വീകരിച്ചു വരികയാണ് ഇതിന്റെ ഭാഗമായി സഹകരണ സംഘങ്ങളിൽ പരിശോധനകൾ കൂടുതൽ കർശനമാക്കിയിട്ടുണ്ട്. കൂടുതൽ അന്വേഷണം ആവശ്യമായവയിൽ അന്വേഷണങ്ങൾക്കും, പരിശോധനകൾക്കും പ്രത്യേകം ഉത്തരവ് പുറപ്പെടുവിക്കാറുണ്ട്. പൊതുവിൽ പരാതികളും പത്രവാർത്തകൾ പോലും പരിശോധിച്ച് നടപടികൾ എടുത്തു വരുന്നു. ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും ക്രമക്കേടുകളെ സംബന്ധിച്ച് പരാതികൾ പരിശോധിക്കുന്നതിന് ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും മോണിറ്ററിംഗ് കമ്മിറ്റികളെ ചുമതലപ്പെടുത്തുകയും, ആയതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ പരിശോധനകൾ/അന്വേഷണങ്ങൾ നടത്തി മേൽ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. സംഘങ്ങളിലെ അഴിമതി, ധൂർത്ത് എന്നിവ സംബന്ധിച്ച് ലഭിക്കുന്ന നിവേദനം/പരാതികളിന്മേലും പ്രാഥമിക അന്വേഷണം ആവശ്യമാണെന്ന് ബോദ്ധ്യപ്പെടുകയാണെങ്കിൽ കേരള സഹകരണ നിയമ പ്രകാരം അന്വേഷണങ്ങളും പരിശോധനകളും നടത്തി നിയമാനുസൃതമായ നടപടികൾ സ്വീകരിക്കാറുണ്ട്. അതിലുപരി പരിശോധനയിലും അന്വേഷണത്തിലും കൂടുതൽ വിശദമായ അന്വേഷണവും പരിശോധനയും ആവശ്യമുണ്ടെങ്കിൽ ആയതിലേയ്ക്കായി ക്രിമിനൽ നടപടികൾ സ്വീകരിക്കുന്നതിനായി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയ്ക്കും പോലീസ് വകുപ്പിനും നേരിട്ടും അയച്ചു കൊടുക്കാറുണ്ട്.<br>അന്വേഷണത്തിലോ പരിശോധനയിലോ |

GOVERNMENT OF KERA

സംഘത്തിന് നഷ്ടം സംഭവിച്ചതായി തെളിഞ്ഞിട്ടുള്ളവയിൽ സഹകരണ നിയമം 68-ാം വകുപ്പ് പ്രകാരം സർചാർജ്ജ് ചെയ്ത് തുക ഈടാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്.

കൂടാതെ നിലവിൽ സംസ്ഥാനത്ത് ജില്ലകളെ ആറ് മേഖലകളായി തിരിച്ച് ഓരോ മേഖലയിലും ഓരോ ഡെപ്യൂട്ടി രജിസ്ട്രാർ (വിജിലൻസ്)ഉം പ്രവർത്തിക്കുന്നു. അവർ തങ്ങൾക്ക് ലഭിക്കുന്ന പരാതികളിന്മേൽ റിപ്പോർട്ട് രജിസ്ട്രാർക്ക് സമർപ്പിക്കുകയും അതോടൊപ്പം സഹകരണ സ്ഥാപനങ്ങളിലും, സഹകരണ വകുപ്പ് ഓഫീസുകളിലും മിന്നൽ പരിശോധനകൾ നടത്തി ആവശ്യമായ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. കൂടാതെ നിലവിലുള്ള വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പോലീസ് വകുപ്പിലെ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനെ വിജിലൻസ് ഓഫീസറായും വിജിലൻസ് ഓഫീസറുടെ കീഴിൽ ആലപ്പുഴ, തൃശ്ശൂർ, കണ്ണൂർ കേന്ദ്രമായി ഓരോ പോലീസ് ഡെപ്യൂട്ടി സൂപ്രണ്ടുമാരുടെ കീഴിൽ 3 മേഖലാ ഓഫീസുകളും ആരംഭിക്കുന്നതിനും നടപടികൾ പൂർത്തിയായിട്ടുണ്ട്. വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനോദ്ഘാടനം 13.3.2008 ൽ തിരുവനന്തപുരത്ത് വച്ച് നടത്തുന്നതാണ്.

ഇതിനു പുറമേ നിലവിലുള്ള ആഡിറ്റ് വിഭാഗം ശക്തിപ്പെടുത്തുന്നതിനും പുനഃസംഘടിപ്പിക്കുന്നതിനുമായി ഡയറക്ടർ ഓഫ് കോ-ഓപ്പറേറ്റീവ് ആഡിറ്റിനെ നിയമിക്കുന്നതിനും സഹകരണ ആഡിറ്റ് വിഭാഗം ടിയാന്റെ കീഴിൽ കൊണ്ടു വരുന്നതിനും ആഡിറ്റിന്റെ പോരായ്മകൾ പരിഹരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സഹകാരികളുടെ യോഗത്തിൽ, സ്റ്റാറ്റ്യൂട്ടറി കമ്മറ്റികളിൽ എല്ലാം തന്നെ നിരന്തര ബോധവൽക്കരണം നടത്തി വരുന്നു. അതിന് നല്ല ഫലം ഉളവായിട്ടുണ്ട്. നിക്ഷേപ സമാഹരണ പദ്ധതിയിലൂടെ നിക്ഷേപത്തിൽ റിക്കാർഡ് വർദ്ധനവ് ഇതിന് ഉദാഹരണമാണ്. കഴിഞ്ഞ കാലങ്ങളിൽ നടന്ന അഴിമതികളെ സംബന്ധിച്ച് 15000 ത്തോളം പരാതികൾ സഹകരണ മന്ത്രിക്ക് ലഭിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷവും സംഘങ്ങളിൽ നടന്ന ക്രമക്കേടുകളെ സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ട്. പക്ഷേ കുറവാണ്. ഇതിന്മേലെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ചിലവയിൽ നടപടികൾ

പൂർത്തീകരിച്ചിട്ടുണ്ട്. ഇതിൽ 200-ൽ പരം ഫയലുകളിൽ വിജിലൻസ് അന്വേഷണം ആവശ്യപ്പെട്ട് ആഭ്യന്തര വകുപ്പിന് കൈമാറിയിട്ടുണ്ട്. ബാക്കി ഫയലുകൾ, സഹകരണ വകുപ്പ് ഉദ്യോഗസ്ഥന്മാരുടെ അന്വേഷണം, സഹകരണ വിജിലൻസ് അന്വേഷണം എന്നിങ്ങനെയുള്ള നടപടികൾക്കായി അയച്ചിട്ടുണ്ട്. ഒരു പരാതി പോലും പരിഗണിക്കാതെ ഉപേക്ഷിച്ചിട്ടില്ല. ഒരു പരാതി പോലും സഹകരണ മന്ത്രിയുടെ ഓഫീസിൽ കുടിശ്ശികയില്ല.

(ബി) സംസ്ഥാന സഹകരണ ബാങ്കിലും സംസ്ഥാന കാർഷിക വികസന ബാങ്കിലും അനധികൃതമായി വായ്പ നൽകിയതിലെ അഴിമതി സംബന്ധിച്ച് കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ വായ്പാ വിതരണത്തിൽ ക്രമക്കേടും അഴിമതിയും നടന്നതായുള്ള ആരോപണത്തെക്കുറിച്ച് ജോയിന്റ് രജിസ്ട്രാർ/കൺകറന്റ് ആഡിറ്റർ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുകയും, തുടർന്ന് ഇത് സംബന്ധിച്ച് കേരള സഹകരണ നിയമം 66-ാം വകുപ്പ് പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളിന്മേൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തി വരികയും ചെയ്യുന്നു.

സംസ്ഥാന സഹകരണ കാർഷിക വികസന ബാങ്കിൽ വായ്പാ വിതരണത്തിൽ ക്രമക്കേട് നടന്നതായി അന്വേഷണത്തിൽ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സഹകരണ നിയമത്തിൽ കാലോചിതമായ മാറ്റങ്ങൾ വരുത്താൻ നടപടി സ്വീകരിക്കുമോ ;

(സി) സഹകരണ നിയമത്തിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നതിനാവശ്യമായ ശുപാർശകൾ സമർപ്പിക്കുന്നതിനായി സംസ്ഥാന സഹകരണ യൂണിയൻ ചെയർമാൻ ശ്രീ. ഇ. നാരായണൻ ചെയർമാനായും പാലക്കാട് ജില്ലാ സഹകരണ ബാങ്ക് പ്രസിഡന്റ് ശ്രീ. പി. എ. ഉമ്മർ, ആലപ്പുഴ ജില്ലാ സഹകരണ ബാങ്ക് പ്രസിഡന്റ് ശ്രീ. നളന്ദ ഗോപാലകൃഷ്ണൻ നായർ എന്നിവർ അംഗങ്ങളായും 28.6.2007 ന് സർക്കാർ ഉത്തരവ് (സാധാ)നം: 434/07/സഹ. നമ്പർ ഉത്തരവ് പ്രകാരം കമ്മിറ്റി രൂപീകരിക്കുകയും കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടി റിപ്പോർട്ടിലെ ശുപാർശകൾക്കൊപ്പം 2007 ഒക്ടോബർ മാസം നടന്ന 6-ാം സഹകരണ കോൺഗ്രസ്സിൽ ഉരുത്തിരിഞ്ഞു വന്ന ഭേദഗതി നിർദ്ദേശങ്ങളും കൂടി കണക്കിലെടുത്ത്, സഹകരണ നിയമത്തിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നതാണ്.

GOVERNMENT OF KERAL

(ഡി) സഹകരണമേഖലയിലെ അഴിമതി തടയുന്നതിന് വിജിലൻസ് വിഭാഗം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

(ഡി) സഹകരണ മേഖലയിലെ അഴിമതി തടയുന്നതിന് നിലവിലുള്ള വകുപ്പുതല വിജിലൻസ് വിഭാഗം അപര്യാപ്തമായതിനാൽ വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി പോലീസ് വകുപ്പിൽ നിന്നും ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസിന്റെ റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനെ വിജിലൻസ് ഓഫീസറായും അദ്ദേഹത്തിനെ സഹായിക്കുവാൻ 3 പോലീസ് കോൺസ്റ്റബിൾമാരും അടങ്ങുന്ന സംസ്ഥാന തല ഓഫീസും, ഒരു ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടും, ഒരു സർക്കിൾ ഇൻസ്പെക്ടർ, 3 പോലീസ് കോൺസ്റ്റബിൾമാർ എന്നിവരടങ്ങുന്ന 3 മേഖല ഓഫീസുകളും രൂപീകരിക്കുന്നതിന് 2.2.2008-ലെ ജി.ഒ. (എം.എസ്.) നം: 41/08/ സഹ. നമ്പർ ഉത്തരവ് പ്രകാരം ഈ സർക്കാർ രൂപം നൽകിയിട്ടുണ്ട്. വിജിലൻസ് ഓഫീസറുടെ സംസ്ഥാന തല ഓഫീസിന്റെ പ്രവർത്തനോദ്ഘാടനം സഹകരണ വകുപ്പ് മന്ത്രി ശ്രീ. ജി. സുധാകരന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന യോഗത്തിൽ ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ബഹു: ആഭ്യന്തര വകുപ്പ് മന്ത്രി 13.3.2008 ന് നിർവ്വഹിക്കുന്നു.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ : 199 — 12.03.2008 - ൽ മറുപടിക്ക്

കയർ സഹകരണ സംഘങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം.കെ. പുരുഷോത്തമൻ<br>ശ്രീ. അൽഫോൺസ് കണ്ണന്താനം<br>ശ്രീ. എ.എം. ആരിഫ്<br>ശ്രീ. സി.കെ. സദാശിവൻ<br>ശ്രീ. ബി. രാഘവൻ | ശ്രീ. ജി. സുധാകരൻ<br>(സഹകരണവും കയറും ദേവസ്വവും വകുപ്പു മന്ത്രി) |
| (എ) കയർ സഹകരണ സംഘങ്ങൾ പുനഃരുദ്ധരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) കയർ സഹകരണ സംഘങ്ങൾ പുനഃരുദ്ധരിക്കുന്നതിന്റെ ഭാഗമായി 430 കയർ വ്യവസായ സഹകരണ സംഘങ്ങൾക്ക് 1982.69 ലക്ഷം രൂപ പ്രവർത്തന മൂലധനമായും സ്ഥിരമൂലധനമായും അനുവദിച്ചിട്ടുണ്ട്. ഈ തുകയിൽ സ്ഥിര മൂലധന ആസ്തി ആർജ്ജിക്കുന്നതിനായി 508.42 ലക്ഷം രൂപയും പ്രവർത്തന മൂലധനത്തിനായി 1474.27 ലക്ഷം രൂപയും ആണ് അനുവദിച്ചത്. ഈ പദ്ധതിമൂലം സഹകരണ സംഘങ്ങളെ പ്രവർത്തനക്ഷമമാക്കാൻ സാധിക്കുന്നതാണ്. |
| (ബി) കയർ സഹകരണ സംഘങ്ങളുടെ സർക്കാർ വായ്പ ഷെയറാക്കി മാറ്റുന്നതിന് എന്തു നടപടി സ്വീകരിച്ചു; | (ബി) സർക്കാർ ഉത്തരവ് ജി.ഒ. (എം.എസ്) നമ്പർ 124/2007/ഐ.ഡി. തീയതി 17/09/2007 പ്രകാരം 31.03.2006 വരെയുള്ള സർക്കാർ വായ്പ ഷെയറാക്കി മാറ്റുന്നതിനായി 565 കയർ |

| | |
|---|---|
| | വ്യവസായ സഹകരണ സംഘങ്ങൾക്കായി 2255.19 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| (സി) ഈ നടപടിയിൽ ചില സംഘങ്ങൾക്ക് ആനുകൂല്യം ലഭിക്കാതിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ; ഇവർക്കു കൂടി പ്രയോജനം ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) ഉണ്ട്. പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെട്ട സംഘങ്ങൾക്കുമാത്രമാണ് ആദ്യഘട്ടത്തിൽ ആനുകൂല്യം നൽകിയത്. ആനുകൂല്യം ലഭിക്കാത്ത സംഘങ്ങൾക്ക് ആനുകൂല്യം ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കൃത്യമായ പുനരുദ്ധാരണ പദ്ധതിയുടെ അടിസ്ഥാനത്തിൽ എല്ലാ സംഘങ്ങൾക്കും ഈ ആനുകൂല്യം ലഭ്യമാക്കുന്നതാണ്. |
| (ഡി) കയർ ഉൽപന്നങ്ങൾ കെട്ടിക്കിടക്കുന്നത് ഒഴിവാക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (ഡി) കെട്ടിക്കിടക്കുന്ന കയറും കയർ ഉൽപന്നങ്ങളും സംഭരിക്കുന്നതിനായി 2006-07, 2007-08 കാലയളവിൽ ഡിസ്ട്രസ് പർച്ചേയ്സ് സ്കീം നടപ്പിലാക്കിയിട്ടുണ്ട്. |
| | സെക്ഷൻ ഓഫീസർ |

## പന്ത്രണ്ടാം കേരള നിയമസഭ

### ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 200 — 12.03.2008 -ൽ മറുപടിയ്ക്ക്

### "ഹരിതതീരം പദ്ധതി"

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. രാജു<br>ശ്രീ. എൻ. അനിരുദ്ധൻ<br>ശ്രീ. രാജാജി മാത്യു തോമസ്<br>ശ്രീ. എ.കെ.ചന്ദ്രൻ. | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ഹരിതതീരം പദ്ധതി എവിടെയെല്ലാം ആരംഭിച്ചു ; | (എ) തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, മലപ്പുറം, കാസർഗോഡ് എന്നീ 9 തീരദേശജില്ലകളിലെ 106 തീരദേശവാർഡുകളിൽ "ഹരിതതീരം" പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) ഈ പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ; | (ബി) ഉണ്ട്. ഈ പദ്ധതി പ്രകാരം ജൈവകവച നിർമ്മാണത്തിനും, കണ്ടൽക്കാടുകൾ വച്ചുപിടിപ്പിക്കുന്നതിനും സ്വകാര്യ കൃഷിയിടങ്ങളിലും വീട്ടുവളപ്പുകളിലും വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നതിന്റെ ഭാഗമായി സൗജന്യമായും, വിലയ്ക്കും വൃക്ഷത്തൈകൾ വിതരണം ചെയ്യുന്നതിനുവേണ്ടി സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ആദ്യ വർഷത്തിൽ 106 തീരദേശവാർഡുകളിൽ 105 ഹെക്ടർ സ്ഥലത്ത് ജൈവകവചത്തിനായുള്ള വനവൽക്കരണം നടത്തിക്കഴിഞ്ഞു. ഇതിനായി ഇതുവരെ 137 ലക്ഷം രൂപ ചെലവായിട്ടുണ്ട്. 9,19,729 കാറ്റാടി തൈകൾ നട്ടുപിടിപ്പിക്കുകയും 6,33,760 വിവിധയിനം വൃക്ഷത്തൈകൾ തീരത്തോടുചേർന്ന ജൈവകവചത്തിൽനിന്നും 200 മീറ്ററിനുള്ളിലെ വീട്ടുവളപ്പുകളിലും സ്വകാര്യ കൃഷിയിടങ്ങളിലും നട്ടുപിടിപ്പിക്കുന്നതിനുമായി വിതരണം ചെയ്തിട്ടുമുണ്ട് |

(സി) ഏതെല്ലാം ഇനം മരങ്ങളാണ് ഈ പദ്ധതിയിൻകീഴിൽ വച്ചുപിടിപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഈ പദ്ധതിയിൽ ജൈവകവചം നിർമ്മിക്കുന്നതിനു വേണ്ടി കാറ്റാടി തൈകളാണ് വച്ചു പിടിപ്പിച്ചിട്ടുള്ളത്. വീട്ടുവളപ്പുകളിലും സ്വകാര്യ കൃഷിയിടങ്ങളിലും നട്ടുപിടിപ്പിക്കുന്നതിലേയ്ക്കായി മഹാഗണി, ആര്യവേപ്പ്, കശുമാവ്, പതിമുഖം, ആഞ്ഞിലി, ഞാവൽ, പ്ലാവ്, വാളൻപുളി, നെല്ലി, ബദാം, താന്നി, കൂവളം, കുടമ്പുളി, വേങ്ങ, അരണമരം, കറിവേപ്പ്, അശോകം, പുന്ന, ചൂവരശ്, മെകരു, മുള, അത്തിത്തിയ മുതലായ വൃക്ഷത്തൈകൾ വിതരണം ചെയ്തിട്ടുണ്ട്.

(ഡി) ഈ പദ്ധതിയിൽ തദ്ദേശീയരുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളെടുത്തു എന്ന് വെളിപ്പെടുത്തുമോ ?

(ഡി) പദ്ധതി നടപ്പിലാക്കുന്ന എല്ലാ തീരപ്രദേശത്തെ വാർഡുകളിലും തീരത്തോടുചേർന്ന ജൈവ കവചത്തിൽനിന്ന് 200 മീറ്ററിനുള്ളിലെ തദ്ദേശീയവാസികളെ ഉൾക്കൊള്ളിച്ചുകൊണ്ട് രൂപീകരിച്ചിട്ടുള്ള തീരസംരക്ഷണ വനവൽക്കരണ സമിതിയാണ് (ടി.എസ്.വി.എസ്) പദ്ധതി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. സ്ഥലത്തെ വാർഡ് മെമ്പർ/കൗൺസിലർ അദ്ധ്യക്ഷനായ സമിതിയിൽ വനംവകുപ്പിലെ ഫോറസ്റ്ററാണ് കൺവീനർ. ഓരോ സമിതിയിലും ആ പ്രദേശത്തെ ഓരോ കുടുംബത്തിൽനിന്നും പ്രായപൂർത്തിയായ ഒരാൾ അംഗമാണ്. ഇതിനോടകംതന്നെ. മൊത്തം 106 തീരദേശ വാർഡുകളിൽ പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി ടി.എസ്.വി.എസ് രൂപീകരിച്ച് ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർചെയ്ത് പ്രവർത്തിച്ചുവരുന്നുണ്ട്.

സെക്ഷൻ ഓഫീസർ.

# പന്ത്രണ്ടാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 201 — 12.03.2008 ൽ മറുപടിക്ക്

## 'സഹകരണ സാമൂഹ്യം കേരളീയം പദ്ധതി'

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി. വിശ്വൻ:<br>ശ്രീ.എം.എം.മോനായി:<br>ശ്രീ.വി.ജെ.തങ്കപ്പൻ:<br>ശ്രീ.ജോർജ്.എം.തോമസ്:<br>ശ്രീ.എ.സി. മൊയ്തീൻ: | ശ്രീ.ജി.സുധാകരൻ<br>(സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി) |
| എ) സഹകരണ സാമൂഹ്യം കേരളീയം പദ്ധതിയുടെ ഭാഗമായി സഹകരണ സംഘങ്ങളിൽ ലൈബ്രറി ആരംഭിക്കുന്ന പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;വിശദാംശം വെളിപ്പെടുത്തുമോ; | എ) 'സഹകരണ സാമൂഹ്യം കേരളീയം' പദ്ധതിയുടെ ഭാഗമായി സഹകരണ സംഘങ്ങളിൽ ലൈബ്രറി ആരംഭിക്കുന്ന പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്.<br>വായന സംസ്കാരം വളർത്തിയെടുക്കുന്നതിലും കർഷകരെയും കർഷക തൊഴിലാളികളെയും മറ്റ് മേഖലകളിൽ ജോലി ചെയ്യുന്നവരെയും, ഇടത്തരക്കാരെയും വിദ്യാർത്ഥികളെയും വായന സംസ്കാരത്തിലേക്ക് കൂടുതൽ ആകർഷിക്കുന്നതിനുമായി ഓരോ പ്രദേശത്തെയും സാമൂഹ്യ സാമ്പത്തിക സ്രോതസ്സ് ആയും ജനകീയ പ്രസ്ഥാനവുമായും പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകൾ/സംഘങ്ങൾ എന്നിവയുടെ ആഭിമുഖ്യത്തിൽ ലൈബ്രറികൾ സ്ഥാപിക്കുമെന്ന് 2007-08 വർഷത്തെ ധനാഭ്യർത്ഥന ചർച്ചാ വേളയിൽ പ്രഖ്യാപിച്ചിട്ടുള്ളതാണ്. 'സഹകരണ നവരത്നം കേരളീയം' എന്ന പേരിൽ പ്രഖ്യാപിച്ചിട്ടുള്ള 9 പദ്ധതികളിൽ സാമൂഹ്യ രംഗത്ത് നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള 'സഹകരണ സാമൂഹ്യം കേരളീയം' എന്ന പദ്ധതി പ്രകാരം സംസ്ഥാനത്തെ എല്ലാ സഹകരണ സ്ഥാപനങ്ങളിലും ലൈബ്രറികൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ലൈബ്രറികൾ ആരംഭിക്കുന്നതിന്റെ ഭാഗമായി ഈ സാമ്പത്തിക വർഷം ലൈബ്രറികൾക്ക് |

| | | |
|---|---|---|
| | | ആവശ്യമായ പുസ്തകങ്ങൾ കേരളാ സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിന്റെ ഏജൻസിയായ നാഷണൽ ബുക്ക് സ്റ്റാളിൽ നിന്നും വാങ്ങുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ബി) | ഇതിനകം എത്ര സഹകരണ സംഘങ്ങളിൽ ലൈബ്രറി ആരംഭിച്ചിട്ടുണ്ട്;കുറഞ്ഞത് എത്ര പുസ്തകങ്ങൾ ലൈബ്രറിയിൽ ഉണ്ടാകണമെന്ന് വ്യവസ്ഥയുണ്ടോ; | 2060 സംഘങ്ങൾ പുസ്തകങ്ങൾ വാങ്ങിയിട്ടുണ്ട്. അതിൽ 1692 സംഘങ്ങൾ ലൈബ്രറികൾ ആരംഭിച്ചിട്ടുണ്ട്. കുറഞ്ഞത് എത്ര പുസ്തകങ്ങൾ ലൈബ്രറിയിൽ ഉണ്ടാകണമെന്ന് വ്യവസ്ഥ ചെയ്തിട്ടില്ല. |
| സി) | ലൈബ്രറി സജ്ജീകരിക്കുന്നതിനും പുസ്തകങ്ങൾ വിതരണം ചെയ്യുന്നതിനുമായി സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ: | വ്യക്തമാക്കാം.<br>ലൈബ്രറികളുടെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ നിർദ്ദേശങ്ങൾ സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം ലൈബ്രറികൾ ആരംഭിക്കുന്നതിന്റെ ഭാഗമായി സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിന്റെ ഏജൻസിയായ എൻ.ബി.എസിൽ നിന്ന് പുസ്തകങ്ങൾ വാങ്ങുന്നതിന് നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. പുസ്തക വിതരണത്തിന് അനുയോജ്യനായ ഒരു ജീവനക്കാരനെ ചുമതലപ്പെടുത്തണമെന്നും ടിയാന് 300 രൂപാ വരെ പ്രതി മാസം ബത്ത നൽകാമെന്നും ആയത് ഇല്ലാത്ത പക്ഷം - പുതുതായി ഒരാളുടെ സേവനം താൽക്കാലികാടിസ്ഥാനത്തിൽ ഉപയോഗപ്പെടുത്താവുന്നതാണെന്നും, ഇങ്ങനെ നിയമിക്കപ്പെടുന്നയാളിന് ലൈബ്രറികളുടെ പ്രവർത്തനം കൂടി കണക്കിലെടുത്ത് പരമാവധി 500 രൂപ പ്രതിഫലം നൽകാമെന്നും ലൈബ്രറികൾ സജ്ജീകരിക്കുന്നതിന് ഫർണിച്ചർ ആവശ്യമുള്ള പക്ഷം, ആയത് വാങ്ങുന്നതിനും പ്രത്യേക മുറി ആവശ്യമുള്ള പക്ഷം ആയത് നിർമ്മിക്കുന്നതിന് ജോയിന്റ് രജിസ്ട്രാർമാരിൽ നിന്നും മുൻകൂർ അനുവാദം വാങ്ങണമെന്നും ഇതിനായി അപേക്ഷ ലഭിച്ചാൽ ജോയിന്റ് രജിസ്ട്രാർമാർ യഥാസമയം അനുവാദം നൽകണമെന്നും സഹകരണ |

| | | |
|---|---|---|
| | | സംഘം രജിസ്ട്രാർ 19.9.2007 ന് 54/2007 നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. |
| ഡി) | ഈ ലൈബ്രറികൾക്ക് ലൈബ്രറി കൗൺസിലിന്റെ ധന സഹായം പ്രതീക്ഷിക്കുന്നുണ്ടോ? | ഡി) ഇതിനകം ആരംഭിച്ചിട്ടുള്ള ലൈബ്രറികളുടെ പ്രവർത്തനം വിലയിരുത്തിയതിനുശേഷം ലൈബ്രറി കൗൺസിലുമായി സഹകരണ സംഘം ലൈബ്രറികളെ അഫിലിയേറ്റ് ചെയ്യുന്നതിനും ലൈബ്രറി കൗൺസിലിന്റെ ധന സഹായം ലഭ്യമാക്കുന്നതിനും ആലോചിക്കുന്നതാണ്. പല സഹകരണ ലൈബ്രറികളും നല്ല നിലയിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. എറണാകുളം ജില്ലാ സഹകരണ ബാങ്ക് മാതൃകയാണ്. അവിടെ 75000 ത്തിലേറെ പുസ്തകങ്ങൾ ഇതിനകം സ്റ്റോക്ക് ചെയ്തിട്ടുണ്ട്. അവിടെ അന്ധർക്കും ബധിരർക്കുമുള്ള കമ്പ്യൂട്ടർ ലൈബ്രറി, കുട്ടികളുടെ ലൈബ്രറി, തിയറ്റർ എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. ഈ അടുത്ത് അന്തരിച്ച പ്രശസ്ത നിരൂപകൻ പ്രൊഫ. എം. കൃഷ്ണൻ നായരുടെ 7000 ത്തിലധികം പുസ്തകങ്ങൾ 7 ലക്ഷം രൂപ നൽകി മേൽപറഞ്ഞ ലൈബ്രറിയിൽ സൂക്ഷിച്ചിട്ടുണ്ട്. |

Rajendran

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 202

12-03-08 -ൽ മറുപടിയ്ക്ക്

പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ ജാതി നിജ സ്ഥിതി ഉറപ്പാക്കുന്ന റിപ്പോർട്ട്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. കെ. ഷാജു<br>ശ്രീ. തോമസ് ചാണ്ടി | ശ്രീ. എ. കെ. ബാലൻ (പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |
| എ). പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ ജാതി നിജസ്ഥിതി ഉറപ്പാക്കുന്ന റിപ്പോർട്ട് കിർത്താഡ്സിൽ നിന്നും നേരിട്ട് ചോദിച്ചു വാങ്ങുവാൻ തഹസിൽദാരെ അധികാരപ്പെടുത്തിക്കൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | എ). കേരള (പട്ടികജാതി/വർഗ്ഗ) സമുദായ സർട്ടിഫിക്കറ്റ് നൽകൽ ക്രമപ്പെടുത്തൽ ആക്ട് 1996 (1996-ലെ ആക്ട് 11) ലെ (ജി) സെക്ഷൻ പ്രകാരം സമുദായ നിർണ്ണയ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട വിദഗ്ധ ഏജൻസി ആണ് കിർത്താഡ്സിലെ നരവംശ ശാസ്ത്ര വിഭാഗം. പ്രസ്തുത ആക്ടിലെ സെക്ഷൻ 9 പ്രകാരം ഫീൽഡ് പഠനങ്ങളുടെ അടിസ്ഥാനത്തിൽ സ്വമേധയായിട്ടും, അനർഹരായ ആളുകളുടെ പട്ടികജാതി പട്ടികവർഗ്ഗ അവകാശങ്ങളുമായി ബന്ധപ്പെട്ട പരാതികളിൻമേലും സംസ്ഥാന കേന്ദ്ര സർക്കാരുകൾ ചുമതലപ്പെട്ട അധികാരികൾ, സ്ക്രീനിംഗ് കമ്മിറ്റി, സ്ക്രൂട്ടിനി കമ്മിറ്റി എന്നിവിടങ്ങളിൽ നിന്നുള്ള പരാമർശങ്ങൾ, അപേക്ഷകൾ, നിർദേശങ്ങൾ തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ വിദഗ്ധ ഏജൻസിയായ കിർത്താഡ്സിന് പട്ടികജാതി/വർഗ്ഗ സമുദായ നിർണ്ണയപ്രശ്നങ്ങളിൽ അന്വേഷണം നടത്താവുന്നതാണ്. തഹസിൽദാരുമായി ബന്ധപ്പെട്ട സമുദായനിർണ്ണയ പ്രശ്നങ്ങൾ 1996- ലെ ആക്ട് 11 ന്റെ പരിധിയിൽപ്പെടുന്നവയാണ്. |

(170)

ബി). പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ ജാതി സർട്ടിഫിക്കറ്റ് റദ്ദു ചെയ്യാനോ, റദ്ദുചെയ്യാൻ ആവശ്യപ്പെട്ടുകൊണ്ട് തഹസിൽദാർമാർക്ക് ഉത്തരവ് നൽകാനോ ഉള്ള അധികാരം കിർത്താഡ്സിന് നൽകിയിട്ടുണ്ടോ? ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടു ത്തുമോ;

ബി). 1996-ലെ ആക്ട് 11 അനുസരിച്ചുള്ള വിദഗ്ധ ഏജൻസി എന്ന നിലയ്ക്ക് തഹസിൽ ദാർ മുൻപാകെ വരുന്ന സംശയാസ്പദമായ സമുദായ നിർണ്ണയ കേസുകളിലും നരവംശ ശാസ്ത്രപരമയ അന്വേഷണം നടത്തി അഭിപ്രായം അറിയിക്കാറുണ്ട്. സമുദായ നിർണ്ണയ പ്രശ്നങ്ങളിൽ അന്തിമ തീരുമാനം എടുക്കുന്നത് ആക്ടിലെ സെക്ഷൻ 8 പ്രകാരം രൂപീകരിച്ചിട്ടുള്ള സ്ക്രൂട്ടിനി കമ്മിറ്റിയാണ്.

സി). മുമ്പ് അനുവദിച്ച പട്ടികജാതി/ പട്ടികവർഗ്ഗ ജാതി സർട്ടിഫിക്കറ്റ് സ്ക്രൂട്ടിണി കമ്മിറ്റിയോ ഗവൺമെൻറോ നിയമാനുസൃതം റദ്ദു ചെയ്തിട്ടില്ലാ തിരിക്കെ, സർട്ടിഫിക്കറ്റിനു വേണ്ടിയുള്ള പുതിയ അപേക്ഷ കിർത്താഡ്സ് നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിരസിക്കുന്നതിന് തഹസിൽദാർക്ക് അധികാരം നൽകിയിട്ടുണ്ടോ? ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

സി). സംശയാസ്പദമായ കേസുകൾ ആക്ട് 11/96 പ്രകാരമുള്ള അന്വേഷണത്തിന് തഹസിൽദാർമാർ ശുപാർശ ചെയ്യാറുണ്ട്. കിർത്താഡ്സ് നടത്തുന്ന അന്വേഷണത്തിൽ പട്ടികജാതി പട്ടികവർഗ്ഗ സർട്ടിഫിക്കറ്റിന് അർഹതയില്ലെന്നു കണ്ടാൽ അക്കാര്യം തഹസിൽ ദാർമാരെ അറിയിക്കാറുണ്ട്. ഇത്തരംഅപേക്ഷകൾ തഹസിൽദാർക്ക് നിരസിക്കാവുന്നതാണ്. മതിയായ തെളിവുകളുടെ അടിസ്ഥാനത്തിൽ സമുദായ സർട്ടിഫിക്കറ്റിനു നൽകുന്ന അപേക്ഷകൾ തഹസിൽദാർമാർ വീണ്ടും നിരസിക്കുന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടില്ല.

ഡി). അധികാരമില്ലാതെ തഹസിൽദാർമാർ, കിർത്താഡ്സിൽ നിന്ന് അന്വേഷണ റിപ്പോർട്ട് നേരിട്ട് ചോദിച്ചു വാങ്ങുന്നതും കിർത്താഡ്സ് അതു നൽകുന്നതും തടയാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ഡി). ആക്ട് 11/96 പ്രകാരമുള്ള വിദഗ്ധ ഏജൻസി എന്ന നിലയ്ക്കാണ് സംശയാസ്പദമായ സമുദായ നിർണ്ണയ പ്രശ്നങ്ങളിൽ കിർത്താഡ്സിലെ നരവംശശാസ്ത്ര വിഭാഗം അന്വേഷണം നടത്തുന്നത്. അത്തരം അന്വേഷണത്തിനുവേണ്ടി, സമുദായ സർട്ടിഫിക്കറ്റ് നൽകുവാൻ ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻ എന്ന നിലയ്ക്ക്, സംശയാസ്പദമായ കേസുകൾ വിദഗ്ധ ഏജൻസിയുടെ അന്വേഷണത്തിന് തഹസിൽദാർമാർക്ക് ശുപാർശ ചെയ്യാവുന്നതാണ്.

(ഒപ്പ്)

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

ചോദ്യം നമ്പർ 203 — 12-3-2008ൽ മറുപടിയ്ക്ക്

## അന്താരാഷ്ട്ര വ്യാപാര ടൂറിസം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി.സി. വിഷ്ണുനാഥ്: <br> ശ്രീ. കെ. ബാബു: <br> ശ്രീ. വർക്കല കഹാർ: | ശ്രീ. കോടിയേരി ബാലകൃഷ്ണൻ <br> (ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) കേരളത്തെ അന്താരാഷ്ട്ര വ്യാപാര ടൂറിസം കേന്ദ്രമാക്കി ഉയർത്താൻ പരിപാടിയുണ്ടോ; <br><br> ബി) എങ്കിൽ അതിനായി എന്തെല്ലാം നടപടികളെടുക്കാൻ ഉദ്ദേശിക്കുന്നു; | എ) &ബി) ഉണ്ട്. കേരളത്തെ ഒരു അന്താരാഷ്ട്ര വ്യാപാര ടൂറിസം കേന്ദ്രമാക്കി ഉയർത്താൻ ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാന സർക്കാർ രൂപം കൊടുത്ത പദ്ധതിയാണ് ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ. 2007-2008 ലെ ഫെസ്റ്റിവൽ ഡിസംബർ 1ന് ആരംഭിച്ച് ജനുവരി 15 ന് അവസാനിച്ചു. |
| സി) ഇതിന്റെ ഭാഗമായി ഏതെല്ലാം തെരുവുകൾ നവീകരിക്കാനുദ്ദേശിക്കുന്നു; അതിന് എന്ത് ചെലവ് വരുമെന്നറിയിക്കുമോ; | സി) സംസ്ഥാനത്തെ വിവിധ ജില്ലകളിലെ പരമ്പരാഗത വ്യാപാര കേന്ദ്രങ്ങളും മറ്റു പ്രത്യേകതകളുമുള്ള കോഴിക്കോട് മിഠായ് തെരുവ്, ഫോർട്ട് കൊച്ചി, ചാലകമ്പോളം, എറണാകുളം ബ്രോഡ്‌വെ തുടങ്ങിയ പുരാതന വ്യാപാരതെരുവുകളും തിരഞ്ഞെടുത്ത് നവീകരിക്കുന്നതിനുള്ള പദ്ധതിയും ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിന്റെ ഭാഗമായി ആസൂത്രണം ചെയ്തുവരുന്നു. <br><br> ഇതിനു വേണ്ടി വരുന്ന ചെലവുകൾ കണക്കാക്കി വരുന്നതേയുള്ളൂ. |

| | | |
|---|---|---|
| ഡി) | ടൂറിസ്റ്റുകളെ ഉദ്ദേശിച്ച് സംസ്ഥാനത്തെ പരമ്പരാഗത വ്യവസായത്തിന്റെ ഉല്പന്നങ്ങൾ ആകർഷകമാക്കുവാൻ പരിപാടിയുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | ഡി) ഉണ്ട്. പരമ്പരാഗത വ്യാവസായിക ഉൽപന്നങ്ങൾ തിരഞ്ഞെടുത്ത് സുവനീറുകളാക്കി പ്രത്യേക വിപണനതന്ത്രങ്ങൾ ആവിഷ്കരിച്ച് സ്വദേശ-വിദേശ ടൂറിസ്റ്റുകൾക്ക് ലഭ്യമാക്കാൻ വേണ്ടിയുള്ള പദ്ധതിക്ക് ടൂറിസം വകുപ്പ് രൂപം നൽകിയിട്ടുണ്ട്.<br>ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിന്റെ ഭാഗമായി പരമ്പരാഗത വ്യവസായ ഉല്പന്നങ്ങൾ നിർമ്മിക്കുന്ന കേന്ദ്രങ്ങൾ തിരഞ്ഞെടുത്ത് ആയത് വിപുലപ്പെടുത്തുന്നതിനും പദ്ധതിയുണ്ട്. |

Sd/-

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
7-ാം സമ്മേളനം
നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 204
12.03.2008 - ൽ മറുപടിക്ക്

## സഹകരണ ബാങ്ക് ജീവനക്കാർക്ക് പെൻഷൻ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : | | ശ്രീ.ജി.സുധാകരൻ (സഹകരണവും കയറും ദേവസ്വവും വകുപ്പു മന്ത്രി) |
| എ) 1-4-2005 മുതൽ സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്ക് ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യം കിട്ടുന്നതിനുള്ള പദ്ധതി അംഗീകരിച്ചിട്ടുണ്ടോ ; | എ) | 29.4.2005-ലെ ജി.ഒ.(പി) നം. 103/05/സഹ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാന. ജില്ലാ സഹകരണ ബാങ്ക് ജീവനക്കാർക്കായി ഒരു സ്വതന്ത്ര പെൻഷൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. |
| ബി) എങ്കിൽ അവർക്ക് പെൻഷൻ നല്കിത്തുടങ്ങിയോ; ഇല്ലെങ്കിൽ എന്തു കൊണ്ട് ; | ബി) & സി) | ഇല്ല. സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകൾ ഇതുപ്രകാരം ജില്ലാ സഹകരണ ബാങ്കുകളും കേന്ദ്ര സർക്കാരിന്റെ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ആന്റ് മിസലേനിയസ് പ്രൊവിഷൻ ആക്ടിന്റെ പരിധിയിൽ വരുന്നതാണ്. ടി ബാങ്കുകളെ പ്രസ്തുത ആക്ടിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കേണ്ടതും ഇ.പി.എഫിൽ ഉള്ള പെൻഷൻ ഫണ്ട് പെൻഷൻ ബോർഡിൽ അടച്ച് പെൻഷൻ ബോർഡിൽ അംഗത്വം എടുക്കേണ്ടതുമാണ്. എന്നാൽ ഈ നടപടികൾ ഇനിയും പൂർത്തിയായിട്ടില്ലാത്തതിനാൽ ജില്ലാ സഹകരണ ബാങ്ക് ജീവനക്കാർക്ക് പെൻഷൻ നൽകി തുടങ്ങുന്നതിന് സാധിച്ചിട്ടില്ല. |
| സി) ഇവർക്ക് പ്രസ്തുത തീയതി മുതൽ പെൻഷൻ നല്കാൻ നടപടി സ്വീകരിക്കുമോ ; | | |
| ഡി) സംസ്ഥാന സഹകരണ ബാങ്ക് ജീവനക്കാർക്ക് ഈ ആനുകൂല്യം എന്നു മുതൽ നൽകാനാണ് ഉദ്ദേശിക്കുന്നത് ? | ഡി) | 1.1.1974 മുതൽ ഈ ആനുകൂല്യം നൽകുന്നതിനാണ് 29.4.2005-ലെ ജി.ഒ.(പി) നം. 103/05/സഹ. നമ്പർ സർക്കാർ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത് |

സെക്ഷൻ ഓഫീസർ.

GOVERNMENT OF KERAL

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 205 — 12.3.2008 - ൽ മറുപടിക്ക്

" മദ്യപിച്ച് വാഹനമോടിക്കുന്നത് തടയാൻ നടപടി "

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ആഭ്യന്തരവും വിനോദ<br>സഞ്ചാരവും വകുപ്പ് മന്ത്രി. |
| (എ) മദ്യശാലകൾ പ്രവർത്തിക്കുന്ന ദിവസങ്ങളിലെ വാഹന അപകടങ്ങളുടെ എണ്ണം അല്ലാത്ത ദിവസങ്ങളിലേതിനേക്കാൾ ഇരട്ടിയാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) മദ്യശാലകൾ പ്രവർത്തിക്കുന്ന ദിവസങ്ങളിലെ വാഹന അപകടങ്ങളുടെ എണ്ണം അല്ലാത്ത ദിവസങ്ങളിലേതിനെക്കാൾ കൂടുതലാണ് എന്ന വസ്തുത ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. |
| (ബി) മദ്യപിച്ച് വാഹനം ഓടിക്കുന്നവരെ കണ്ടുപിടിക്കുവാൻ ഇപ്പോൾ പോലീസ് സ്വീകരിക്കുന്ന രീതി എന്താണെന്ന് വിശദമാക്കാമോ ; | (ബി) മദ്യപിച്ച് വാഹനം ഓടിക്കുന്നവരെ കണ്ടുപിടിക്കുന്നതിന് ബ്രത്ത് അനലൈസർ ഉപയോഗിച്ചുവരുന്നു. ഇപ്രകാരം മദ്യപിച്ചതായി ബോധ്യപ്പെടുന്നവരെ മെഡിക്കൽ പരിശോധനയ്ക്ക് വിധേയമാക്കി Drunkenness Certificate വാങ്ങി തുടർ നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) ഇത്തരം യാത്രക്കാരെ കണ്ടുപിടിക്കുവാൻ നവീന പരിശോധനാ സംവിധാനം, ബോധവത്കരണ പരിപാടികളും ആവിഷ്കരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ? | (സി) മദ്യപിച്ച് വാഹനം ഓടിക്കുന്നവരെ കണ്ടുപിടിക്കുന്നതിന് ആധുനികരീതിയിലുള്ള ബ്രത്ത് അനലൈസറുകൾ ഉപയോഗിച്ചു വരുന്നുണ്ട്. ട്രാഫിക് ബോധവൽക്കരണത്തിന്റെ ഭാഗമായി റസിഡന്റ്സ് അസോസിയേഷനുകളുടെയും സന്നദ്ധസംഘടനകളുടെയും സഹായത്തോടെ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു വരുന്നുണ്ട്. പ്രസ്തുത ക്ലാസ്സുകളിൽ മദ്യപിച്ച് വാഹനം ഓടിക്കുന്നതുകൊണ്ടുള്ള പരിണതഫലങ്ങളെപ്പറ്റി ബോധവൽക്കരണം നടത്താറുണ്ട്. |

സെക്ഷൻ ഓഫീസർ

<u>പന്ത്രണ്ടാം കേരള നിയമസഭ</u>

<u>ഒൻപതാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 208</u>                    <u>12. 03. 2008 ൽ മറുപടിയ്ക്ക്</u>

## <u>വൈദ്യുതി വിതരണം</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
| --- | --- |
| ശ്രീ. കെ. ശിവദാസൻ നായർ | ശ്രീ. എ. കെ. ബാലൻ<br>(പൊതു. പട്ടിക സമുദായ ക്ഷേമവും<br>ഊർജ്ജവും വകുപ്പു മന്ത്രി) |
| (എ) നാഗരിക വൈദ്യുതി വിതരണം ആധുനികവൽക്കരിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; | എ) തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗര പ്രദേശങ്ങളിൽ ത്വരിത ഊർജ്ജ വികസന പരിഷ്കരണ പദ്ധതിയിൽ (എ.പി.ഡി.ആർ.പി) കീഴിൽ ഡിസ്ട്രിബ്യൂഷൻ ഓട്ടോമേഷൻ പദ്ധതി പ്രകാരം ട്രാൻസ്ഫോർമറുകളും 11 KV ഭൂഗർഭ കേബിളുകളും സ്ഥാപിച്ച് വൈദ്യുതി വിതരണം കുറ്റമറ്റതാക്കാനുള്ള പ്രവൃത്തികൾ നടപ്പിലാക്കാൻ സംസ്ഥാന വൈദ്യുതി ബോർഡ് ലക്ഷ്യമിട്ടിട്ടുണ്ട്. ഇതിലേക്കായി കേന്ദ്ര സർക്കാർ 304 കോടി രൂപയുള്ള പദ്ധതികൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളത്. |
| (ബി) ഇക്കാര്യത്തിൽ യൂറോപ്യൻ യൂണിയന്റെ സഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പദ്ധതി പരിഗണിക്കുമോ ? | ബി) ഇപ്പോൾ പരിഗണനയിലില്ല. |

K.G. Meera Rani

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം : 207

12-03-2008-ലെ മറുപടിക്ക്

## വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കാൻ നിർദ്ദേശം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. സി. ജോസഫ്, എം. എൽ. എ. | ശ്രീ. എ. കെ. ബാലൻ<br>(പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി ) |
| എ) മുൻ സർക്കാരിന്റെ കാലത്ത് യൂണിറ്റിന് 20 പൈസ വീതം വൈദ്യുതി ചാർജ്ജിന് നൽകിയ ഇളവ്, പിൻവലിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് പിൻവലിച്ചത്; | എ). മുൻ സർക്കാരിന്റെ കാലത്ത് സർക്കാർ മുൻകൂർ സബ്സിഡിയായി കെ. എസ്. ഇ. ബി ക്ക് പ്രതി മാസം പത്തു കോടി രൂപ വീതം നൽകണമെന്ന നിബന്ധനയിൽ യൂണിറ്റിന് 20 പൈസ റിബേറ്റ് നൽകാൻ സംസ്ഥാന ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ കെ. എസ്. ഇ. ബി ക്ക് അനുവാദം നൽകിയിരുന്നു. എന്നാൽ ഈ നടപടി നിയമാനുസൃതമല്ലെന്ന കാരണത്താൽ മുൻ സർക്കാരിന്റെ കാലത്തോ പിന്നീടൊ സബ്സിഡി തുക ഗഡു നൽകിയില്ല. സബ്സിഡി നൽകാത്ത സാഹചര്യത്തിൽ 01-12-2007 മുതൽ റിബേറ്റ് പിൻവലിച്ചുകൊണ്ട് സംസ്ഥാന ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ ഉത്തരവിട്ടു. |
| ബി. ഇതുമൂലം പ്രതിമാസം എത്ര രൂപ ബോർഡിന് അധിക വരുമാനം ഉണ്ടായി; | ബി. ഗാർഹിക ഉപഭോക്താക്കൾക്ക് നൽകിയിരുന്ന യൂണിറ്റിന് 20 പൈസ വീതമുള്ള റിബേറ്റ് സർക്കാർ സബ്സിഡിയായി നൽകാതിരുന്നതു മൂലം ബോർഡിന് പ്രതിമാസം ഏകദേശം 10 കോടി രൂപ വീതം 240 കോടി രൂപയുടെ നഷ്ടം സംഭവിച്ചിരുന്നു. ഇളവ് പിൻവലിച്ചതിനാൽ മേലായുള്ള നഷ്ടം ഒഴിവായി. |
| സി. വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കാനുള്ള എന്തെങ്കിലും നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ? | സി. പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 208 12-03-2008-ന് വാങ്മൂലം മറുപടിയ്ക്ക്

## പാസ്പോർട്ട് വെരിഫിക്കേഷൻ സ്പെഷ്യൽ ബ്രാഞ്ചിൽ നിന്നും ലോക്കൽ സ്റ്റേഷനിലേക്കു മാറ്റിയതുകൊണ്ടുള്ള ബുദ്ധിമുട്ട്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. തോമസ് ചാഴികാടൻ<br>ശ്രീ. ജോസഫ് എം. പുതുശ്ശേരി<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. തോമസ് ഉണ്ണിയാടൻ | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) പാസ്പോർട്ട് വെരിഫിക്കേഷൻ സ്പെഷ്യൽ ബ്രാഞ്ചിൽ നിന്നും ലോക്കൽ പോലീസിലേക്കു മാറ്റിയതുമൂലം ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകളെ സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) നടപടിക്രമത്തിൽ പെട്ടെന്ന് ഉണ്ടായ മാറ്റം കാരണം തുടക്കത്തിൽ ചില ബുദ്ധിമുട്ടുകൾ ഉണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച് രേഖാമൂലമായ പരാതികൾ ഒന്നും ലഭിച്ചിട്ടില്ല. |
| ബി) സ്പെഷ്യൽ ബ്രാഞ്ചിൽ നിന്ന് നേരിട്ട് അന്വേഷണം നടത്തി വെരിഫിക്കേഷൻ റിപ്പോർട്ടുകൾ പാസ്പോർട്ട് ഓഫീസിലേയ്ക്ക് നൽകിയിരുന്നതിനാൽ കാലതാമസം ഒഴിവായിരുന്നുവെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ബി) ഇക്കാര്യത്തിൽ നേരത്തെ ഉണ്ടായിരുന്ന കാലതാമസം ഒഴിവാക്കുന്നതിനാണ് പുതിയ സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത് |
| സി) ലോക്കൽ പോലീസിലേക്ക് മാറ്റിയപ്പോൾ, സ്പെഷ്യൽ ബ്രാഞ്ചിൽ നിന്ന് അപേക്ഷകൾ ലോക്കൽ സ്റ്റേഷൻ വഴി അന്വേഷണം നടത്തി സ്പെഷ്യൽ ബ്രാഞ്ച് വഴി തിരിച്ച് പാസ്പോർട്ട് ഓഫീസിൽ എത്തുന്നത് കൊണ്ടുണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | സി) ചില സ്ഥലങ്ങളിൽ നേരിയ കാല താമസം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ഡി) ഇത് ഒഴിവാക്കാൻ എന്തു നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു ? | (ഡി) കാലതാമസം കൂടാതെ അന്വേഷണം പൂർത്തിയാക്കുന്നതിന് സ്റ്റേഷൻ ഹൗസ്ആഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 209**

**12.03.2008 - ൽ മറുപടിക്ക്**

**പലിശയിളവ് ആനുകൂല്യം നീട്ടിക്കൊടുക്കൽ നടപടി**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.ബി. ഗണേഷ് കുമാർ : | ശ്രീ.ജി.സുധാകരൻ<br>(സഹകരണവും കയറും<br>ദേവസ്വവും വകുപ്പു മന്ത്രി) |
| എ) സഹകരണ ബാങ്കുകളിൽ നിന്നും വായ്പയെടുത്തിട്ടുള്ള പാവപ്പെട്ടവർക്ക് വായ്പ തിരിച്ചടയ്ക്കുന്നതിന് പലിശ ഇളവ് അനുവദിച്ചിട്ടുള്ളത് ഏത് തീയതി മുതൽ ഏത് തീയതി വരെയാണ് ; | (എ) സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുത്തിട്ടുള്ള അംഗങ്ങൾക്ക് വായ്പാകുടിശ്ശിക തിരിച്ചടയ്ക്കുന്നതിന് പലിശ ഇളവ് അനുവദിച്ചുകൊണ്ട് ' കുടിശ്ശിക നിവാരണം [illegible] കേരളീയം- നഷ്ട നിവാരണം കേരളീയം' എന്നീ കർമ്മ പദ്ധതിയിലൂടെ 2008 ഫെബ്രുവരി 1 മുതൽ 29 വരെ ഇളവുകൾ അനുവദിക്കാൻ അനുമതി നൽകിയിരുന്നു. |
| ബി) വിലക്കയറ്റവും കാർഷിക മേഖലയിലെ പ്രതിസന്ധിയും നിമിത്തം ദുരിതമനുഭവിക്കുന്ന പാവപ്പെട്ടവരായ കുടിശ്ശികക്കാർക്കു വേണ്ടി പ്രസ്തുത പലിശ ഇളവ് ആനുകൂല്യം 2008 ഏപ്രിൽ 30 വരെ നീട്ടിക്കൊടുക്കുവാൻ നടപടി സ്വീകരിക്കുമോ? | (ബി) വായ്പക്കാർക്ക് കടം കണക്ക് അവസാനിപ്പിക്കുന്നതിന് സാവകാശം അനുവദിക്കണമെന്ന് ബഹു: സ്പീക്കർ, ഇതര ജന പ്രതിനിധികൾ, സഹകാരികൾ, പൊതുപ്രവർത്തകർ മുതലായവരുടെ അഭ്യർത്ഥന കണക്കിലെടുത്തും 21.2.2008-ൽ കൂടിയ കേന്ദ്ര ബാങ്കുകളുടെ യോഗ തീരുമാനപ്രകാരവും ' കുടിശ്ശിക നിവാരണം [illegible] കേരളീയം- നഷ്ട നിവാരണം കേരളീയം' പദ്ധതിയുടെ കാലാവധി 2008 മാർച്ച് 31 വരെ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. ഏപ്രിൽ വരെ നീട്ടണമെന്ന് സഹകാരികളാരും ആവശ്യപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ.

GOVERNMENT OF KERALA

# പന്ത്രണ്ടാം കേരള നിയമസഭ

## ഏഴാം സമ്മേളനം

## നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 210

## 12.03.2008 - ൽ മറുപടിയ്ക്ക്

## വൈദ്യനാഥൻ കമ്മീഷൻ റിപ്പോർട്ട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഉമ്മർ | ശ്രീ. ജി. സുധാകരൻ<br>(സഹകരണവും കയറും ദേവസ്വവും വകുപ്പു മന്ത്രി) |
| (എ) വൈദ്യനാഥൻ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കാത്തത് മൂലം സഹകരണ സ്ഥാപനങ്ങൾക്ക് ലഭിക്കേണ്ട കേന്ദ്രവിഹിതം നഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) 31.3.2004-ലെ ആഡിറ്റ് ചെയ്ത ബാക്കി പത്രത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്ക് 667.15 കോടി രൂപയുടെ നഷ്ടം ഉണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. പ്രസ്തുത തീയതിയിൽ ടി സംഘങ്ങളിൽ 34.62 കോടി രൂപമാത്രമാണ് സർക്കാർ ഓഹരി മൂലധനമായി ബാക്കി നിൽപ്പുള്ളത്. വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ട് പ്രകാരം, ഓരോ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘത്തിനുമുള്ള അംഗങ്ങളുടെ ഓഹരി മൂലധനത്തിന്റെ 25 % -ൽ അധികരിച്ചിട്ടുള്ള തുക മാത്രമേ വൈദ്യനാഥൻ കമ്മിറ്റി നൽകുകയുള്ളൂ. അപ്രകാരം കണക്കാക്കിയതിൽ സംസ്ഥാനമൊട്ടാകെ 9.14 കോടി രൂപ മാത്രമാണ് ഈ ഇനത്തിൽ സംസ്ഥാനത്തിന് ലഭിക്കാനിടയുള്ളതെന്ന് കാണുന്നു. 1000 കോടി കിട്ടുമെന്നാണ് തുടർച്ചയായി നടത്തുന്ന പ്രചാരണം. |
| (ബി) എങ്കിൽ പ്രസ്തുത റിപ്പോർട്ട് നടപ്പിലാക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ ; | (ബി) വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ട് പ്രകാരമുള്ള സാമ്പത്തിക ആനുകൂല്യം ലഭിക്കുന്നതിന് നിഷ്കർഷിച്ചിട്ടുള്ള നിയമപരവും സ്ഥാപന പരവുമായി മാറ്റം വരുത്തേണ്ട വ്യവസ്ഥകൾ മുഴുവൻ അംഗീകരിക്കാവുന്നതല്ല. സഹകരണ പ്രസ്ഥാനം ഭരണഘടനാ |

പ്രകാരം സംസ്ഥാന വിഷയം ആയിരിക്കുന്നത്, സംസ്ഥാനത്തിന്റെ അധികാരത്തിൽ നിന്നും വേർപ്പെടുത്തി റിസർവ്വ് ബാങ്ക് വഴി കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിൽ കൊണ്ടുവരാനുള്ള ശ്രമമാണ് പ്രൊഫ: റ്റി. വൈദ്യനാഥൻ നടത്തിയിട്ടുള്ളത്. ഇതിനോട് സഹകരണ വകുപ്പിനും സംസ്ഥാന സർക്കാരിനും സഹകാരികൾക്കും യോജിപ്പില്ല. സഹകരണ പ്രസ്ഥാനത്തിന്റെ സ്വയം ഭരണാധികാരവും ജനാധിപത്യ സ്വഭാവവും സാമൂഹ്യ പ്രതിബദ്ധതയും ഇല്ലാതാക്കാനും സഹകരണ പ്രസ്ഥാനത്തിന്റെ പ്രയോജനം നാട്ടിൻപുറത്തിലെ സാധാരണക്കാർക്കും മറ്റ് ദുർബല ജനവിഭാഗങ്ങൾക്കും നിഷേധിക്കുന്നതിനും ഇടയാക്കുന്നതാണ്. അംഗീകരിക്കാവുന്ന ശുപാർശകളെയും സംസ്ഥാനത്തിന്റെ സഹകരണ മേഖലയെ പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്ന ശുപാർശകളെയും സംബന്ധിച്ച് വിശദമായ അഭിപ്രായം കേന്ദ്ര സർക്കാർ, റിസർവ്വ് ബാങ്ക്, നബാർഡ് എന്നിവരെ അറിയിച്ചിട്ടുണ്ട്. ഇനിയും മാറ്റം വരുത്തേണ്ട വ്യവസ്ഥകൾ സംബന്ധിച്ച് കേന്ദ്ര സർക്കാർ/നബാർഡിന്റെ അഭിപ്രായമാണ് അറിയേണ്ടത്. പ്രസ്തുത അഭിപ്രായം ലഭിക്കുന്ന മുറയ്ക്ക് മാത്രമേ തുടർ നടപടികൾ സ്വീകരിക്കാൻ കഴിയൂ.

(സി) ഇത് നടപ്പിലാക്കുന്നതിന് ഉദ്ദേശമുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ?

(സി) സംസ്ഥാനത്തിന്റെ താല്പര്യത്തിന് വിരുദ്ധമായ വ്യവസ്ഥകൾ ഒഴിവാക്കിക്കൊണ്ട് സംഘങ്ങളുടെ പുനരുദ്ധാരണ പാക്കേജ് നടപ്പിലാക്കാവുന്നതാണോ എന്ന് പരിശോധിക്കും.

സെക്ഷൻ ഓഫീസർ.